31

# ഒരു നല്ല മനുഷ്യൻ നഷ്ടപ്പെട്ടവനായി രുന്നു!

## (10:24- 48; 11:12-18)

കൊർന്നെല്യോസിന്റെയും അവന്റെ ഭവനത്തിന്റെയും പരിവർത്തനമാണ് പ്രവൃത്തി 10-ൽ പറയുന്നത്. സ്ഥലപരിമിതിയനുസരിച്ചു സംഭവത്തിന്റെ പ്രാധാന്യം കാണിച്ചിരിക്കുന്നു (മറ്റേതൊരു പരിവർത്തനത്തേക്കാളും[1]), കൂടാതെ സംഭവം വിശദമായി രണ്ടു പ്രാവശ്യം പുറകിലേക്കാനയിച്ചു, പറയുന്നുണ്ട്.[2]

ഇതൊരു *നല്ല* മനുഷ്യന്റെ പരിവർത്തനമാണെന്നതു ഏറ്റവും വിസ്മയാവഹമാണ്! പരേതനായ എൻ.ബി. ഹാർഡ്മാൻ "കൊർന്നെല്യോസ് നമ്മെ ലജ്ജിപ്പിക്കുന്നു," എന്ന തലക്കെട്ടിൽ ഒരു പ്രസംഗം തയ്യാറാക്കിയിരുന്നു അതിൽ കൊർന്നെല്യോസ് ക്രിസ്ത്യാനിയാക്കിതീരുന്നതിനു മുൻപ്, നമ്മിൽ ആനേകരെക്കാളും നല്ലവനായിരുന്നു എന്ന പോയിന്റ് എടുത്തു കാണിക്കുന്നു! സി. ബ്രൂസ് വൈറ്റ് കൊർന്നെല്യോസിന്റെ അഞ്ചു സ്വഭാവങ്ങൾ ഊന്നിപ്പറയുന്നുണ്ട്:[3] (1) *അവൻ ഭക്തിയുള്ള ശിഷ്യനായിരുന്നു.* "അവൻ ദൈവഭക്തനായിരുന്നു." "നീതിമാനും ദൈവ - ഭയമുള്ളവനായിരുന്നു." അസത്യമുള്ള ലോകത്തിൽ അവൻ സത്യസന്ധനായിരുന്നു.[4] (2) *അവൻ വിശ്വസ്തനായ പിതാവായിരുന്നു.* അവൻ വ്യക്തമായും തന്റെ ഭവനത്തെ പഠിപ്പിച്ചിരുന്നു; അവരെല്ലാം സത്യദൈവത്തിൽ വിശ്വസിച്ചിരുന്നു (യോശുവ 24:15; എഹെസ്യർ 6:4). (3) *അവൻ ഔദാര്യമുള്ള ജാതിയായിരുന്നു.* അവൻ "*ധാരാളം* ധർമ്മം [സ്നേഹദാനങ്ങൾ]" ദരിദ്രർക്ക് കൊടുത്തിരുന്നു.[5] (4) *അവൻ പ്രാർത്ഥനാവീക്ഷണമുള്ളവനായിരുന്നു.* "തുടർച്ചയായി അവൻ ദൈവത്തോടു പ്രാർത്ഥിക്കുമായിരുന്നു." ഏറ്റവും ശ്രദ്ധേയമായതു (5) *അവൻ ബഹുമാന്യനായ റോമാക്കാരനായിരുന്നു.* "സകല യെഹൂദന്മാരാലും നല്ല സാക്ഷ്യം കൊണ്ടവനായിരുന്നു"[6] ഒരു ചട്ടമായി, യെഹൂദന്മാർ റോമാ പടയാളികളെ വെറുത്തിരുന്നു, പക്ഷെ ദൈവത്തെ ഭയപ്പെട്ടിരുന്ന

കൊർന്നെല്യോസിന്റ കാര്യം ഒഴിച്ചു നിർത്തി.[7] മറ്റു യോഗ്യതകൾ കൂട്ടി ച്ചേർക്കാവുന്നത് (*എളിമയുള്ള കേൾവിക്കാരൻ*, മുതലായവ) അവൻ എടുത്തു പറയാവുന്ന വ്യക്തിയാണെന്നു, സംശരഹിതമായി പറയാം.

എന്നിട്ടും, കൊർന്നെല്യോസ് നഷ്ടപ്പെട്ടവനായിരുന്നു. ദൂതൻ അവനോട് പത്രൊസിനെ ആളയച്ച് വരുത്തുക, "നീയും നിന്റെ ഗൃഹം മുഴുവനും *രക്ഷിക്കപ്പെടുവാനുള്ള* വാക്കുകളെ അവൻ നിന്നോടു സം സാരിക്കുമെന്നു ദൂതൻ പറഞ്ഞു" (11:14; എംഫസിസ്മൈൻ). ഒരു വ്യക്തി യുടെ നന്മയുടെ അടിസ്ഥാനത്തിൽ രക്ഷ പ്രാപിക്കാൻ സാദ്ധ്യമല്ല എന്ന സത്യത്തിനു യോജിച്ച ഉദാഹരണമാണ് കൊർന്നെല്യോസ്. ജീവനോടെ ഇരിക്കുന്ന ഏറ്റവും നല്ല ദൈവഭക്തനും പാപിയും രക്ഷ ആവശ്യമുള്ള വ്യക്തിയുമാണ് (റോമർ 3:23; 6:23)! നമ്മുടെ നീതി പ്രവൃത്തികൾ ദൈവ ത്തോടും അവന്റെ നിലവാരത്തോടും താരതമ്യം ചെയ്താൽ, "നമ്മുടെ പ്രവൃത്തികൾ കറ പുരണ്ട തുണികൾ പോലെയാണ്" (യെശയ്യാവ് 64:6) ക്രിസ്തുവിന്റെ രക്തത്തിനപ്പുറമായി ഒരു രക്ഷയുമില്ല (എബ്രായർ 9:22)! കൊർന്നെല്യോസിനും അവന്റ ഭവനക്കാർക്കും ക്രിസ്തുവിന്റെ രക്തം ആവശ്യമായിരുന്നു – അതുകൊണ്ടു നമുക്കുവേണം.

ഈ നല്ല മനുഷ്യന്റെ പരിവർത്തനത്തെക്കുറിച്ചു നമുക്കു പഠി ക്കാം. മുൻപു, തടസ്സങ്ങൾ ഉടക്കുക എന്നതു ഒരിക്കലും എളുപ്പമല്ലെന്നു നാം കണ്ടു. യെഹൂദന്മരരെയും ജാതികളെയും ഒന്നിപ്പിക്കുവാൻ ദൈവം വീണ്ടും വീണ്ടും ചുവടുകൾ വെച്ചതായി നാം കണ്ടു. മറ്റുള്ളതിനേക്കാൾ ഈ പരിവർത്തനം അത്ഭുതകരമായിട്ടാണ് സംഭവിച്ചത്. തൽഫലമായി, പ്രവൃത്തികളുടെ പുസ്തകത്തിലെ മറ്റു പരിവർത്തനങ്ങളേക്കാൾ മന സ്സിലാക്കാനും കഴിഞ്ഞു. ഈ പാഠത്തിൽ പൊതവിലുള്ള കൂടുതൽ ചോദ്യങ്ങൾക്കും ഇതിൽ ഉത്തരം നൽകുന്നുണ്ടെന്നു പ്രതീക്ഷിക്കുന്നു.

## ഒരു നല്ല മനുഷ്യൻ ഉപദേഷ്ടാവിനായി കാത്തിരിക്കുന്നു (10:24-27)

കഴിഞ്ഞ പാഠം അവസാനിപ്പിച്ചപ്പോൾ, പത്തു പുരുഷന്മാർ യോപ്പ യിൽ വടക്കോട്ട് യാത്ര ചെയ്യുന്നതായി കണ്ടു: പത്രൊസും, ആറു തിര ഞ്ഞെടുക്കപ്പെട്ട യെഹൂദ ക്രിസ്ത്യാനികളും, കൊർന്നെല്യോസ് അയച്ച മൂന്നു സന്ദേശവാഹകരും ആണ്. രാത്രി അവർ വഴിയിൽ എവിടെയെ ങ്കിലും ചെലവഴിച്ചു കാണും; പിന്നെ, "പിറ്റേന്നാൾ [അവർ] കൈസര്യ യിൽ, ലക്ഷ്യസ്ഥാനത്ത് എത്തി" (10:24).

ഒരു ദൂതനാണ് കൊർന്നെല്യോസിനോടു പത്രൊസിനെ വരുത്തു വാൻ പറഞ്ഞതു എന്നതുകൊണ്ട്, അപ്പൊസ്തലൻ വരുമെന്നു ശതാധി പന്നു ഉറപ്പുണ്ടായിരുന്നു. അങ്ങനെ "കൊർന്നെല്യോസ് ചാർച്ചക്കാ രെയും അടുത്ത സ്നേഹിതന്മാരെയും കൂട്ടിവരുത്തി, അവർക്കായി കാത്തിരുന്നു" (വാക്യം 24). താൻ അയച്ചവർ മടങ്ങിവരുന്ന ഉദ്ദേശ സമയം അറിയാമായിരുന്നതുകൊണ്ട് അവൻ ആ സമയത്തേക്കു ചാർച്ചക്കാരെയും സ്നേഹിതരേയും വിളിച്ചതാണോ, അതോ പത്രൊസിനോടു കൂടെ യാത്ര ചെയ്തിരുന്നവരിൽ ഒരാൾ മുൻപായി ഓടി വന്ന്,[8] ആളുകളെ കൂട്ടിവരുത്തുവാൻ അറിയിച്ചതാണോ?[9]

നമുക്കറിഞ്ഞുകൂടാ, എന്നാൽ വസ്തുത എന്തെന്നാൽ കൊർന്നെല്യോസിന്റെ ക്ഷണം സ്വീകരിച്ച് അവർ വന്നതു ശതാധിപന്റെ മറ്റൊരു സ്വഭാവ വിശേഷത വെളിപ്പെടുത്തുന്നു: *അവൻ ഒരു സ്വാധീന ശക്തിയുള്ള ക്ഷണിതാവായിരുന്നു.*

അപ്പൊസ്തലനെ സ്വീകരിക്കുവാൻ കൊർന്നെല്യോസ് പുറത്തുപോകാതെ അകത്തു കാത്തിരുന്ന്, ഒരു യെഹൂദനായ പത്രൊസ് തന്റെ വീട്ടിനകത്തു കടക്കുമോ, എന്നു വിചാരിക്കയാവും. ജാതികളുടെ വീട്ടിൽ പ്രവേശിച്ചാൽ അതു അശുദ്ധാചാരമായി കണക്കാക്കിയിരുന്നു (വാക്യം 28; യോഹന്നാൻ 18:28). എങ്കിലും, പത്രൊസ് ഇത്രയും ദൂരം യാത്ര ചെയ്തുവന്നു വീടിന്റെ മുറ്റത്തു നിന്നു പ്രസംഗിക്കാനല്ല. പത്രൊസ് കൊർന്നല്യോസിന്റെ വീടിന്റെ മുൻവാതിലിലൂടെ പ്രവേശിച്ചത് എതിരഭിപ്രായമെന്ന മറ്റൊരു ചുവർ ഇടിക്കുന്ന നടപടിയായിരുന്നു.

പത്രൊസ് തന്റെ ഭവനത്തിൽ പ്രവേശിച്ചപ്പോൾ, കൊർന്നെ ല്യോസ് ആഹ്ലാദഭരിതനായി. "പത്രൊസ് അകത്തു കയറിയപ്പോൾ കൊർന്നെല്യോസ് എതിരേറ്റു അവന്റെ കാൽക്കൽ വീണു നമസ്ക്കരിച്ചു" (വാക്യം 25).[10] "നമസ്ക്കരിച്ചു" എന്ന ഗ്രീക്കു തർജ്ജിമ സൂചിപ്പിക്കുന്നതു "ബഹുമാന പ്രവൃത്തിയാണ്, ഒന്നുകിൽ സൃഷ്ടിയോട് അല്ലെങ്കിൽ സൃഷ്ടാവിനോട്"[11] ദൈവം തിരഞ്ഞെടുത്ത സന്ദേശവാഹകനായ പത്രൊസിനോട് കൊർന്നെല്യോസ് ആദരവ് കാണിക്കയായിരുന്നു. ഒരു റോമാ പടയാളി ഒരു യെഹൂദന്റെ കാൽക്കൽ വീഴുന്നതു, വിസ്മയാവഹമായിരുന്നു: കീഴ്പ്പെടുത്തുന്ന വൻ കീഴ്പ്പെട്ടവന്റെ കാൽക്കൽ വീഴുന്നു.[12] ചുവർ വിറയ്ക്കാൻ തുടങ്ങി!

ശതാധിപന്റെ ഉദ്ദേശമെന്തായാലും, തെറ്റായ ഒരാശയം വിട്ടുകൊടുക്കാൻ പത്രൊസ് തയ്യാറായില്ല.[13] ദൈവത്തെ മാത്രമേ നമസ്ക്കരിക്കാവു! (മത്തായി 4:10; 1 കൊരിന്ത്യർ 8:4, 6.) പെട്ടെന്ന്, പത്രൊസേ, "എഴുന്നേല്ക്ക; ഞാനും ഒരു മനുഷ്യനത്രേ എന്നു" പറഞ്ഞു, അവനെ എഴുന്നേല്പിച്ചു (വാക്യം 26). പത്രൊസിന്റെ പിന്തുടർച്ചാവകാശക്കാർ, തങ്ങളുടെ വിരലിലെ മോതിരം ചുംബിക്കാൻ[14] പോലും പറയുന്നതു, എത്ര വിരോധാഭാസമാണെന്നു ചിന്തിക്കൂ. ഒരു സഹോദരൻ ഈ സംഭവത്തെ ഇങ്ങനെ പറഞ്ഞു:

> [ടെന്നീസിലെ] മെംഫിസിൽ, ഹാർഡിങ്ങ് ഗ്രാഡുവേറ്റ് സ്കൂൾ ഓഫ് റിലിജിയന്റെ മുൻ ഡീനായിരുന്ന ബ്രദർ ഡബ്ലിയു ബി വെസ്റ്റ്, ഒരിക്കൽ "വിശുദ്ധ പിതാവു" എന്നു വിളിക്കുന്നയാളും (കൂടെ മറ്റു നൂറുപേരും) ഉള്ള ഒരു സദസ്സിൽ പോയി. അയാൾ പറഞ്ഞു പോപ്പ് മുറിയിൽ വന്നപ്പോൾ, എല്ലാവരും അദ്ദേഹത്തിന്റെ മുട്ടിലേക്കു ചെന്നു. അയാളും കുനിയാൻ തുടങ്ങിയപ്പോൾ പത്രൊസ് കൊർന്നെല്യോസിനോട് പറഞ്ഞതു ഓർമ്മ വന്നു. പക്ഷേ അപമര്യാദ കാണിക്കണ്ടല്ലോ എന്നു കരുതി, നിന്നുകൊണ്ടിരുന്നു.[15]

പത്രൊസും കൊർന്നെല്യോസും ശതാധിപന്റെ വീട്ടിലേക്കു

കടന്നപ്പോൾ, അവർ തുല്യരായി ഒരുമിച്ചു സംസാരിച്ചു നീങ്ങി (വാക്യം 27). അവർ കൊർന്നെല്യോസിന്റെ ചാർച്ചക്കാരും സ്നേഹിതന്മാരും കാത്തിരുന്ന മുറിയിൽ പ്രവേശിച്ചപ്പോൾ, അപ്പൊസ്തലൻ തീർച്ചയായും അതിശയിച്ചു. അവൻ ഒരുപക്ഷെ കൊർന്നെല്യോസിന്റെ ഏറ്റവും അടുത്ത ബന്ധുക്കളെയും ദാസന്മാരെയും മാത്രമേ പ്രതീക്ഷിച്ചിരിക്കയുള്ളു. പകരം, "*അനേകർ* വന്നു കൂടിയിരിക്കുന്നതാണ് കണ്ടത്" (വാക്യം 27; എംഫസിസ്മൈൻ). പത്രൊസ് ഒരുപക്ഷെ കണ്ടിരിക്കാവുന്നതു ഒരെഴുത്തുകാരൻ ചിത്രീകരിച്ചു:

> അവൻ ആ മുറിയിൽ ചുറ്റും നോക്കിയപ്പോൾ മാർബിളും മൊസൈക്കും പറ്റിയ തറ, റോമൻ മേശകളും ദിവാൻ കട്ടിലുകളും, സിൽക്ക് കർട്ടനുകളും കൊണ്ട് അലംകൃതമാണ്. റോമൻ ടോഗാസും ഗൗണും ധരിച്ച സ്ത്രീ പുരുഷന്മാരെ കണ്ടു, വിവിധ റാങ്കുകളിലുള്ള അത്യുജ്ജ്വലരായ സൈനികർ അവരുടെ യൂണിഫോമിൽ, ദാസന്മാർ വാതിലിൽ കൂടെ ഒളിഞ്ഞുനോക്കിക്കൊണ്ടിരിക്കുന്നു ... .[16]

മൂന്നു ദിവസം മുൻപു ആയിരുന്നെങ്കിൽ, പത്രൊസ് ഒരു ജാതിയിൽപെട്ട ആളുടെ മേൽക്കൂരക്കു കീഴിൽ നില്ക്കുക എന്നതു അസംഭവ്യമായി വിചാരിക്കുമായിരുന്നു, പക്ഷെ ഇപ്പോൾ അത്തരം ഒരു കൂട്ടത്തിനു മുൻപിലാണ് നില്ക്കുന്നത്! ആ മൂന്നു ദിവസങ്ങൾക്കുള്ളിൽ ധാരാളം കാര്യങ്ങൾ നടന്നു - പത്രൊസിന്റെ ജീവിതത്തിലും ഹൃദയത്തിലും!

### ഒരു നല്ല മനുഷ്യൻ സുവിശേഷം ശ്രദ്ധിക്കുന്നു (10:28-43)

കൂടിവന്നവരോട് അപ്പൊസ്തലൻ സംസാരിച്ചു:[17] ''അന്യ ജാതിക്കാരന്റെ അടുക്കൽ ചെല്ലുന്നതും[18] അവനുമായി പെരുമാറ്റം ചെയ്യുന്നതും യെഹൂദന്നു നിഷിദ്ധം എന്നു നിങ്ങൾ അറിയുന്നുവല്ലൊ. എങ്കിലും ഒരു മനുഷ്യനെയും മലിനനോ അശുദ്ധനോ എന്നു പറയരുതെന്നു ദൈവം എനിക്കു കാണിച്ചു തന്നിരിക്കുന്നു" (വാക്യം 28). ആ ശബ്ദം പറഞ്ഞപ്പോൾ വിഷയം *ഭക്ഷണമായിരുന്നു*, "ദൈവം ശുദ്ധീകരിച്ചതു, നീ മലിനം എന്നു വിചാരിക്കരുത്" (10:15). കടന്നുപോയ മൂന്നു ദിവസങ്ങളിൽ, എങ്ങനെയായാലും, പത്രൊസ് ഇതു പ്രായോഗികമാക്കി: "മനുഷ്യനെയും മലിനനോ അശുദ്ധനോ എന്നു പറയരുതെന്നു ദൈവം എനിക്കു കാണിച്ചു തന്നിരിക്കുന്നു'' (എംഫസിസ്മൈൻ).

പത്രൊസ് തുടർന്നു: "അതുകൊണ്ടാകുന്നു നിങ്ങൾ ആളയച്ചപ്പോൾ ഞാൻ എതിർ പറയാതെ വന്നത്[19] എന്നാൽ എന്നെ വിളിപ്പിച്ച സംഗതി എന്ത് എന്നു അറിഞ്ഞാൽ കൊള്ളാം എന്നു പറഞ്ഞു" (വാക്യം 29). മൃഗങ്ങളെ അറുത്തു തിന്നുക എന്നു പറഞ്ഞപ്പോൾ ആദ്യം പത്രൊസ് എതിർത്തു, എന്നാൽ മൂന്നു പ്രാവശ്യം ദർശനം കാണിച്ചു കൊടുക്കയും

ആ സന്ദേശവാഹകരോടൊപ്പം പോകുവാൻ മാതാവു നിർദ്ദേശിക്കയും ചെയ്തപ്പോൾ പിന്നെ അവനു നിഷേധിക്കാനായില്ല. "എന്നെ വിളിപ്പിച്ച സംഗതി എന്ത്" (വാക്യം 29).

ദൂതന്റെ പ്രത്യക്ഷതയെക്കുറിച്ചു കൊർന്നെല്യോസ് പറഞ്ഞു. "നാലാന്നാൾ[20] ഈ നേരത്തു," അവൻ പറഞ്ഞു, "ഞാൻ വീട്ടിൽ ഒമ്പതാം മണിനേരത്തെ പ്രാർത്ഥന കഴിച്ചുകൊണ്ടിരിക്കുമ്പോൾ; ശുദ്ധ വസ്ത്രം ധരിച്ചോരു പുരുഷൻ, എന്റെ മുൻപിൽ നിന്നു" (വാക്യം 30). കൊർന്നല്യോസ് സ്വർഗ്ഗീയ ദൂതന്റെ സന്ദേശം ഉദ്ധരിച്ചു പറഞ്ഞവസാനിപ്പിച്ചു, "ക്ഷണത്തിൽ ഞാൻ നിന്റെ അടുക്കൽ ആളയച്ചു, നീ വന്നതു ഉപകാരം പിന്നെ, കർത്താവ് നിന്നോട് കൽപിച്ചതൊക്കെയും കേൾപ്പാൻ ഞങ്ങൾ എല്ലാവരും ഇവിടെ ദൈവത്തിന്റെ മുമ്പാകെ കൂടിയിരിക്കുന്നു എന്നു പറഞ്ഞു" (വാക്യം 33). അവർ ജാതികൾ ആയിരുന്നേക്കാം, പക്ഷെ അവർ ഉപദേഷ്ടാവിന്റെ സ്വപ്നം യാഥാർത്ഥ്യമാക്കുവാൻ വന്നവരാണ്: ഒരു കൂട്ടം ആളുകൾ കൂടി വന്നിരിക്കുന്നതു ചടങ്ങോ കടമയോ ആയിട്ടില്ല, വെറുതെ തമാശക്കു ഒത്തുകൂടിയതാണ്, എന്നാൽ ദൈവം കൽപിച്ചതെല്ലാം കേൾക്കുവാനാണ്!

പത്രൊസ് അതിൽ സംപ്രീതനാവുകയായിരുന്നു. "അപ്പോൾ പത്രൊസ്, വായിതുറന്നു[21] പറഞ്ഞു തുടങ്ങിയത്: 'ദൈവത്തിനു മുഖപക്ഷം ഇല്ല എന്നും ഏതു ജാതിയിലും അവനെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്ന അവൻ അംഗീകരിക്കുന്നുവെന്നും ഞാൻ ഇപ്പോൾ യഥാർത്ഥമായി ഗ്രഹിക്കുന്നു'" (വാക്യങ്ങൾ 34, 35). "ഒരാൾ മുഖപക്ഷം കാണിക്കുക" എന്നതിനു രണ്ടു വാക്കുകൾ "മുഖം" എന്നും "സ്വീകരിക്കുക അല്ലെങ്കിൽ എടുക്കുക" എന്നതും യോജിപ്പിച്ച ഗ്രീക്കുവാക്ക് തർജ്ജിമ ചെയ്തതാണ്. "മുഖം" മാത്രം നോക്കി ഒരാളെ സ്വീകരിക്കയോ (നിരാകരിക്കുകയോ) ചെയ്യുന്നത്, അതായതു, പുറമെയുള്ള യോഗ്യതകൾ മാത്രം പരിഗണിക്കുന്നു.[22] ഒരു വ്യക്തിയെ ദൈവം വിധിക്കുന്നതു അവന്റെ ദേശിയതയോ, ജീവിത സ്ഥലമോ, സമ്പാദ്യമോ ഒന്നും നോക്കിയല്ല.[23] മറിച്ച്, ഓരോ വ്യക്തിയുടേയും ജീവിതവും ഹൃദയവുമാണ് നോക്കുന്നതു! "*എല്ലാ* ജാതിയിലും [*ഏതു* ദേശത്തും] പുരുഷനായാലും [അല്ലെങ്കിൽ സ്ത്രീ] ആയാലും ദൈവഭയപ്പെട്ട നീതി[24] പ്രവർത്തിക്കുന്നവനെ [യെഹൂദനായാലും ജാതിയായാലും], ദൈവം സ്വീകരിക്കും[25]"! (എംഫസിസ്മൈൻ.)

നമ്മിൽ പലരും ഈ വാക്യങ്ങൾ പലപ്പോഴായി കേട്ടിട്ടുള്ളതുകൊണ്ട് അതിശയം നമ്മിൽ വരാനിടയില്ല. ഈ സത്യം സംശയാലുവായിരുന്ന പത്രൊസിന്റെ ജീവിതം യേശുവിന്റെ പ്രത്യക്ഷ ലഭിച്ച പൗലോസിനെപ്പോലെ മാറി! നിങ്ങളും ഞാനുമടക്കം – എല്ലാവരേയും ദൈവം സ്വീകരിക്കുന്നു!

ജാതികളെ സ്വീകരിക്കുവാൻ യെഹൂദക്രിസ്ത്യാനികളെ ഒരുക്കേണ്ട നടപടിയുടെ സമയമായി: ആദ്യമായി യെഹൂദനല്ലാത്തവരോട് സുവിശേഷം പ്രസംഗിച്ചു. പത്രൊസ് വീണ്ടും "രാജ്യത്തിന്റെ താക്കോൽ ഉപയോഗിക്കുന്നു" (മത്തായി 16:19). വാക്യം 36 മുതൽ 43 വരെ പത്രൊസിന്റെ പ്രസംഗത്തിന്റെ സാന്ദ്രീകൃത ഭാഗം[26] നൽകുന്നു. പത്രൊസ് യേശുവിന്റെ പ്രവൃത്തികളേയും ജീവിതത്തോടും പറ്റിയുള്ള രൂപരേഖ

നൽകാൻ തുടങ്ങി:[27]

> അവൻ (എല്ലാവരുടേയും കർത്താവായി[28]) യേശു ക്രിസ്തു മൂലംസമാധാനം സുവിശേഷിച്ചു കൊണ്ട്[29] യിസ്രായേൽ മക്കൾക്കു[30] അയച്ച വചനം, യോഹന്നാൻ പ്രസംഗിച്ച[31] – സ്നാന ത്തിന്റെ ശേഷം ഗലീലയിൽ തുടങ്ങിയ ഹൃദയിൽ[32]ഒക്കെയും ഉണ്ടായ വർത്തമാനം,[33] നസറായനായ യേശുവിനെ, ദൈവം പരി ശുദ്ധാത്മാവിനാലും ശക്തിയിലും[34] അഭിഷേകം ചെയ്തതും ദൈവം[35] അവനോട് കൂടെ ഇരുന്നതുകൊണ്ട് അവൻ നന്മ[36] ചെയ്തതു, പിശാച്ബാധിച്ചവരെ ഒക്കെയും; [37] സൗഖ്യ മാക്കിയും[38]കൊണ്ട് സഞ്ചരിച്ചതുമായ വിവരം തന്നേ നിങ്ങൾ അറി യുന്നുവല്ലൊ യെഹൂദ്യാദേശത്തിലും യെരുശലേമിലും അവൻ ചെയ്ത[39] സകലതിനും ഞങ്ങൾ സാക്ഷികൾ ആകുന്നു. അവനെ അവർ മരത്തിന്മേൽ തൂക്കികൊന്നു (വാക്യം 36–39).

പത്രൊസ് പിന്നെ യേശുവിന്റെ മരണം അടക്കം ഉയിർപ്പ് എന്നിവ എടുത്തു സുവിശേഷത്തിന്റെ ഹൃദയഭാഗത്തേക്കു കടന്നു:

> യെഹൂദ്യാദേശത്തിലും യെരുശലേമിലും അവൻ ചെയ്ത സകല തിനും ഞങ്ങൾ സാക്ഷികൾ ആകുന്നു.[40] അവനെ അവർ മരത്തി ന്മേൽ തൂക്കികൊന്നു[41] ദൈവം അവനെ മൂന്നാം നാൾ ഉയിർത്തെ ഴുന്നേൽപിച്ചു, സകല ജനത്തിനുമല്ല, ദൈവം മുമ്പുകൂട്ടി നിയമിച്ച സാക്ഷികളായി,[42] അതായത് , അവൻ മരിച്ചവരിൽ നിന്നു ഉയിർത്തെ ഴുന്നേറ്റശേഷം അവനോടുകൂടെ തിന്നു കുടിച്ചവരായ[43] ഞങ്ങൾക്കു നന്നേ പ്രത്യക്ഷനായിരിക്കുന്നു (വാക്യങ്ങൾ 39–41).

പത്രൊസ് തന്റെ പ്രസംഗത്തിനു ആവരണമിടാൻ തുടങ്ങി:

> ജീവികൾക്കും മരിച്ചവർക്കും[45] ന്യായാധിപതിയായി ദൈവത്താൽ നിയമിക്കപ്പെട്ടവൻ അവൻ തന്നേ എന്നു, ജനത്തോടു പ്രസംഗിച്ചു സാക്ഷീകരിപ്പാൻ[44] അവന ഞങ്ങളോട് കൽപിച്ചു. അവനിൽ വിശ്വ സിക്കുന്ന ഏവനും അവന്റെ നാമം[47] മൂലം പാപമോചനം ലഭിക്കും എന്നു സകല പ്രാവാചകന്മാരും സാക്ഷ്യം പറയുന്നു[46] (വാക്യം 42, 43).

തന്റെ സദസ്സ്യർ എന്തു ചെയ്യണമെന്നു പത്രൊസ് പറഞ്ഞു (2:38; 10:48) അവന്റെ പ്രബോധനവവും ആരംഭിച്ചു (2:40), എന്നാൽ അവന്റെ പ്രസംഗത്തെ തടസ്സപ്പെടുത്തി. പത്രൊസിന്റെ പ്രസംഗം അവസാനിപ്പി ക്കാൻ വിഷമിച്ചു. പെന്തെകൊസ്ത് നാളിലെ അവന്റെ പ്രസംഗത്തിനി ടക്കു, "ഞങ്ങൾ എന്തു ചെയ്യേണ്ടു" എന്നു നിലവിളിച്ചു പ്രതികരിച്ചതാ യിരുന്നു സംഭവിച്ചത് (2:37). മുടന്തനെ സൗഖ്യമാക്കിയ ശേഷം അവൻ പ്രസംഗിച്ചപ്പോൾ, അവൻ പ്രസംഗം തടസ്സപ്പെടുത്തിയത് അവനെ പിടിച്ചു തടവിലാക്കാൻ വന്നവരായിരുന്നു (4:1–3). ഈ സമയത്ത് അവന്റെ

പ്രസംഗം തടസ്സപ്പെടുത്തിയതു ദൈവമായിരുന്നു.

### ഒരു നല്ല മനുഷ്യൻ ആത്മാവിനെ സ്വീകരിക്കുന്നു (10:44-46; 11:15-17)

ജാതികളെ സ്വീകരിക്കുവാൻ യെഹൂദ ക്രിസ്ത്യാനികളെ ബോധ്യപ്പെടുത്തുവാനുള്ള ഏറ്റവും മുഖ്യമായ നടപടിയുടെ സമയമായി. കൊർന്നെല്യോസിനെയും പത്രൊസിനെയും ഒരുക്കുവാൻ ദൈവം അത്ഭുത ശക്തി ഉപയോഗിച്ചു, സഭയെ ഒരുക്കുന്നതിനും അ വൻ തന്റെ ശക്തി ഉപയോഗിച്ചു.

> ഈ വാക്കുകളെ പത്രൊസ് പ്രസ്താവിക്കുമ്പോൾ, താനേ വചനം കേട്ട എല്ലാവരുടെ മേലും പരിശുദ്ധാത്മാവു വന്നു. അവർ അന്യഭാഷകളിൽ സംസാരിക്കുന്നതും ദൈവത്തെ മഹത്വീകരിക്കുന്നതും കേൾക്കയാൽ പത്രൊസിനോടുകൂടെ വന്ന പരിച്ഛേദനക്കാരായ വിശ്വാസികൾ പരിശുദ്ധാത്മാവു എന്ന ഭാവം ജാതികളുടെമേലും പകർന്നതു കണ്ടു[48] വിസ്മയിച്ചു[49] (വാക്യം 10:44–46).

"പരിശുദ്ധാത്മാവു എന്ന ദാനം" എന്ന പദപ്രയോഗം, പരിശുദ്ധാത്മാവിൽ നിന്നുള്ള ദാനമോ അല്ലെങ്കിൽ പരിശുദ്ധാത്മാവ് ഒരു ദാനമായിട്ടോ സൂചിപ്പിക്കുന്നതാകാം. പ്രവൃത്തി 2:38–ൽ പരിശുദ്ധാത്മാവ് ഒരു ദൈനമായിട്ടാണ് പറയുന്നത്.[50] ഈ വേദഭാഗത്തു പരിശുദ്ധാത്മാവിൽ നിന്നുള്ള ഒരു പ്രത്യേക ദാനമായിട്ടാണ്, പ്രത്യേകമായി പരിശുദ്ധാത്മ സ്നാനം. പത്രൊസ് 11–ാം അദ്ധ്യായത്തിൽ, സംഭവിച്ചതു വിവരിക്കുന്നതുകൊണ്ട് നമുക്കതറിയാം:

> താൻ സംസാരിച്ചു തുടങ്ങിയപ്പോഴേക്കു, പരിശുദ്ധാത്മാവ് ആദിയിൽ നമ്മുടെ മേൽ എന്ന പോലെ, അരുടെമേലും വന്നു, അപ്പോൾ ഞാൻ യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം കഴിപ്പിച്ചു, നിങ്ങൾക്കോ പരിശുദ്ധാത്മാവു സ്നാനം ലഭിക്കും എന്നു കർത്താവു പറഞ്ഞ വാക്ക്[51] ഓർത്തു. ആകയാൽ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചവരായ നമ്മുക്കു തന്നതുപോലെ അതേ ദാനത്തെ അവർക്കും ദൈവം കൊടുത്തു എങ്കിൽ ദൈവത്തെ തടുപ്പാൻ തക്കവണ്ണം ഞാൻ ആർ?

ഈ വേദഭാഗത്തു "നമുക്കു" എന്നു പറഞ്ഞിരിക്കുന്നതു അപ്പൊസ്തലന്മാരെയാണ്. അപ്പൊസ്തലന്മാരോടാണ് യേശു പറഞ്ഞതു, "നിങ്ങൾക്കോ ഇനി ഏറെ നാൾ കഴിയുമുമ്പ് പരിശുദ്ധാത്മാവുകൊണ്ടു സ്നാനം ലഭിക്കും" എന്ന് (1:2–5) പത്രൊസ് "ഒരു സമാനത കൊണ്ടു വരുന്നു (വാക്യം 47) കൊർന്നെല്യോസിന്റെ ഭവനവും ആദ്യ ശിഷ്യന്മാരും തമ്മിലാണ് തുലനം ചെയ്യുന്നതു, അല്ലാതെ പെന്തെകൊസ്തു നാളിൽ രക്ഷിക്കപ്പെട്ട മൂവായിരം പേരുമായിട്ടല്ല (11:15; 15:8)."[52] "അതേ ദാനമാണ്" കൊർന്നെല്യോസിനും അവന്റെ ഭവനത്തിലുമുള്ളവർക്കു ലഭിച്ചതെന്ന

ഊന്നലാണ് ("ദാനം" എന്ന വാക്കാണ് അവിടെയുള്ളത്). അവനും മറ്റു അപ്പോസ്തലന്മാർക്കും ലഭിച്ചിരുന്നത്: പരിശുദ്ധാത്മ സ്നാനമാണ്.

യാദൃശ്ചികമായി, കൊർന്നെല്യോസിനും തന്റെ സ്നേഹിതർക്കും ലഭിച്ച "അന്യഭാഷ" ഇന്നു പറയപ്പെടുന്ന "നിർവതിയുളവാക്കുന്ന അപശബ്ദങ്ങളല്ല" പിന്നെയോ ആനുകാലിക ഭാഷകൾ[53] ആയിരുന്നു, കാരണം അവർക്കു ലഭിച്ചിരുന്നതു അപ്പൊസ്തലന്മാർക്കു ലഭിച്ച "അതേ ദാനമായിരുന്നു"[54] – അപ്പൊസ്തലന്മാർ സംസാരിച്ചത് അക്കാലത്തെ ഭാഷകളായിരുന്നു (2:4, 6, 8).[55] ജാതികൾക്കു പരിശുദ്ധാത്മ സ്നാനം ലഭിച്ചു എന്നു ഈ യെഹൂദസാക്ഷികൾക്കു ബാഹ്യ പ്രദർശനം ആവശ്യമായിരുന്നു.

"ആദിയിൽ" എന്ന വാക്കുകളും പ്രധാനപ്പെട്ടതാണ്. പ്രവൃത്തി 10–ൽ സംഭരിച്ചതിനെ പത്രൊസിന് ദിവസങ്ങൾക്കോ, ആഴ്ച്ചകൾക്കോ, മാസങ്ങൾക്കോ മുൻപു സംഭവിച്ച പരിശുദ്ധാത്മ സ്നാനവുമായി പത്രൊസിനു താരതമ്യം ചെയ്യാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് പലവർഷങ്ങൾക്കു മുൻപു സംഭവിച്ച പ്രവൃത്തി 2ലെ സംഭവത്തിലേക്കു പോകേണ്ടി വന്നു.

> പരിവർത്തനം ചെയ്യപ്പട്ട ജാതികളുടെ അന്യഭാഷാ *ആദിയിൽ* ആത്മാവിന്റെ ആരംഭത്തിലെ ഗുണഭോക്താക്കൽക്കു ലഭിച്ചതിനോട്തു ലനം ചെയ്യുകയായിരുന്നു, *അതായതു,* പെന്തെകൊസ്തു നാളിൽ.[56]
>
> കൊർന്നെല്യൊസിന്റെ ഭാവനത്തിൽ സംഭവിച്ചതിനു ഒരു മാതൃക കാണിച്ചു കൊടുക്കുവാൻ പത്രൊസിനു *പിന്നിൽ പെന്തെകൊസ്തു നാളിലേക്കു* പോകേണ്ടി വന്നു! "പരിശുദ്ധാത്മാവിന്റെ സ്നാനമായിരുന്നു" നടന്നതെന്നു ഇതു വ്യക്തമാക്കുന്നു (പ്രവൃത്തി 11:16), അതോടോപ്പം അന്യഭാഷയുമുണ്ടായിയിരുന്നു, എന്നതു ആദ്യ സഭയിൽ ദൈനന്തിന സംഭവങ്ങൾ ആയിരുന്നില്ല.[57]

മുൻപു നാം ശ്രദ്ധിച്ചതു പോലെ, പ്രവൃത്തി 2 ലും പ്രവൃത്തി 10 ലും മാത്രമാണ് പരിശുദ്ധാത്മ സ്നാനം നടന്നതു രേഖപ്പെടുത്തിയിരിക്കുന്നത്.

എന്തിനു വേണ്ടിയാണ് കൊർന്നല്യോസിനും അവന്റെ സ്നേഹിതന്മാരിലും പരിശുദ്ധാത്മാവിനെ പകർന്നത്? ജാതികളെ രക്ഷിക്കുന്നതിനു വേണ്ടിയായിരുന്നു എന്നു ചിലർ പറയുന്നു.[58] ഇതു വ്യക്തമായും അവാസ്തവമാണ് പ്രവൃത്തി 2–ൽ പരിശുദ്ധാത്മാവു സ്നാനം അപ്പൊസ്തലന്മാരെ രക്ഷിച്ചില്ല; പ്രവൃത്തി 10–ൽ കൊർന്നെല്യോസിനെ രക്ഷിച്ചില്ല. ജാതികളെ നേരിട്ടു ദൈവം രക്ഷിക്കയായിരുന്നു ഉദ്ദേശമെങ്കിൽ, പത്രൊസിനെ അയക്കേണ്ട ആവശ്യമില്ല. കൊർന്നെല്യോസും് ഭവനവും പരിശുദ്ധാത്മാവു പകരൽ കൊണ്ടു രക്ഷിക്കപ്പെടുമെന്നല്ല, പിന്നെയോ *വാക്കുകളാൽ* രക്ഷിക്കപ്പെടുമെന്നാണ് ദൈവത്തിന്റെ സന്ദശവാഹകൻ പറഞ്ഞത് (11:14).

കൊർന്നെല്യോസും അവന്റെ ഭവനവും രക്ഷിക്കപ്പെട്ടു എന്നു കാണിക്കേണ്ടതിനായിരുന്നു പരിശുദ്ധാത്മ സ്നാനം എന്ന ആശയാണ് കൂടു

തൽ പ്രചാരത്തിലിരിക്കുന്നതു. ഈ സിദ്ധാന്തം അനുസരിച്ചു, കൊർന്നെല്യോസും അവന്റെ ഭവനവും വിശ്വസിച്ചപ്പോൾ തന്നെ രക്ഷിക്കപ്പെട്ടുവെന്നും, ദൈവവവും ആത്മാവും അതു തെളിയിക്കുന്നു.[59] ഈ സമീപനം ജാതികൾ സ്നാനപ്പടുന്നതിനു മുൻപ് ആത്മാവ് വന്നതിനാൽ, ചിലപ്പോൾ രക്ഷക്കു സ്നാനം ആവശ്യമില്ല എന്നു തെളിയിക്കുവാൻ എടുക്കുന്നുണ്ട്.

ഇതിൽ പല പ്രശ്നങ്ങൾ കാണാൻ കഴിയും. ആദ്യമായി *എ പ്പോഴാണ്* ആത്മാവ് വന്നതെന്നു കൃത്യമായി നമുക്കു തീർച്ചയില്ല. പ്രവൃത്തി 11–ൽ, സംഭവിച്ചതു പത്രൊസ് വിവിരിക്കുമ്പോൾ “ക്രമമായി നടക്കുന്നതായിട്ടാണ്” (11:4),[60] അവൻ പറഞ്ഞു, “ഞാൻ സംസാരിച്ചു *തുടങ്ങിയപ്പോൾ*,[61] പരിശുദ്ധാത്മാവ് അവരുടെ മേൽവന്നു, ...” (11:15; എംഫസിസ്മൈൻ). ന്യൂ സെഞ്ചുറി വെർഷനിൽ “ഞാൻ എന്റെ പ്രസംഗം തുടങ്ങിയപ്പോൾ, പരിശുദ്ധാത്മാവു അവരുടെ മേൽ വന്നു” എന്നാണ് ലിവിങ്ങ് ബൈബിളിൽ “ഞാൻ പ്രസംഗിച്ചു തുടങ്ങവെ, പരിശുദ്ധാത്മാവു അവരുടെ മേൽ വന്നു എന്നാണ്.” മറ്റൊരു വാക്കിൽ, ജാതികൾക്കു വേണ്ടി യേശു എന്തു ചെയ്തു എന്നും അവനിൽ വിശ്വസിക്കേണ്ടതിന്റെ ആവശ്യകതയും പത്രൊസ് പ്രസംഗിക്കുന്നതിനു *മുൻപു* തന്നെ അവരുടെ മേൽ പരിശുദ്ധാത്മാവു വന്നു എന്നർത്ഥം.[62] കാര്യങ്ങൾ അങ്ങനെയാണെങ്കിൽ, മുൻപു പറഞ്ഞ സമീപനം പറയുന്നതു *സ്നാനം* രക്ഷക്കു ആവശ്യമാണെന്നു മാത്രമല്ല, രക്ഷക്കു *വിശ്വാസവും* ആവശ്യമാണെന്നു വരുന്നു.[63]

ഈ സിദ്ധാന്തത്തിലുള്ള മറ്റൊരു പ്രശ്നം ഈ സംഭവത്തിലെ അത്ഭുതപ്രദർശനത്തിനു ആവശ്യമില്ലാത്ത ഊന്നൽ കൊടുക്കലും മറ്റുള്ളവരെ *അവഗണിക്കയുമാണ്*. രക്ഷിക്കപ്പെടാത്തവരിൽ ദൈവം തന്റെ ആത്മാവിനെ അയക്കയില്ല എന്നതാണ് അടിസ്ഥാനമായി പറയുവാനുള്ളത്. രക്ഷിക്കപ്പെടാതെ ഒരാളിന്റെ അടുക്കൽ ദൈവം ദൂതനെ അയക്കുകയില്ലേ? എന്നു വിവേചിച്ചേക്കാം. ജലസ്നാനം എന്നു മുൻപു ആത്മാവിനെ നൽകുന്നതു രക്ഷക്കു സ്നാനം ആവശ്യമില്ല എന്നാണെങ്കിൽ, കൊർന്നെല്യോസ് വിശ്വസിക്കുന്നതിനു മുൻപു ദൈവ ദൂത നെ അവന്റെ അടുക്കൽ അയച്ചതുകൊണ്ട് വിശ്വാസവും അനിവാര്യമല്ലാതാകുന്നു.

ഇതിലുള്ള മുഖ്യ പ്രശ്നം എന്തെന്നാൽ, പരശുദ്ധാത്മ സ്നാനത്തിന്റെ ഉദ്ദേശം കൊർന്നെല്യോസിന്റെ രക്ഷയെ പ്രഖ്യാപിക്കേണ്ടതിനായിരുന്നു എന്ന സൂചന വേദഭാഗത്തിലില്ല മറിച്ചു, യെഹൂദ ക്രസ്ത്യാനികൾ ജാതികളെ സ്വീകരിക്കേണ്ടതിനായിരുന്നു പരിശുദ്ധാത്മ സ്നാനമെന്നതിനു ധാരാളം സൂചനയുണ്ടുതാനും. ഉപയോഗം നോക്കി നമുക്കു ഒരു കാര്യത്തിന്റെ ഉദ്ദേശം ഉറപ്പാക്കാം (ഞാൻ ഒരു കസേര കണ്ടിട്ടില്ലെങ്കിലും, അതിന്റെ ഉപയോഗം നോക്കി പെട്ടെന്നു അതിന്റെ ഉദ്ദേശം വിലയിരുത്താം). ദൈവം ജാതികളെ സ്വീകരിക്കുന്നുവെന്നു മൂന്നു വെവ്വേറെയുള്ള സംഭവങ്ങൾ (10:47, 48; 11:17; 15:8, 9) മുഖാന്തരം പത്രൊസ് തെളിയിക്കയും സഭയും, അതു സ്വീകരിക്കേണ്ടതിന്റെ കാരണവും അവർക്കു വ്യക്തമാക്കി. ആകയാൽ, *അത്* ആയിരുന്നു അത്ഭുതത്തിന്റെ ഉദ്ദേശം.

“ജാതി ലോകത്തിന്റെ പെന്തകൊസ്തു” എന്നു പ്രവൃത്തി 10 നെ ചിലർ

വിളിച്ചിട്ടുണ്ട്, എന്നാൽ കൊർന്നെല്യോസിന്റെ ഭവനത്തിലെ സംഭവങ്ങൾ അധികവും ആദ്യത്തെ പെന്തകൊസ്തിലേതു പോലെയായിരുന്നില്ല ജാതികളുടെ *ആദ്യത്തെ* പെന്തെകൊസ്ത് അനുഭവം.[64] ആത്മാവ് "സകല ജഡത്തിന്മേലും പകരും" എന്ന യോവേലിന്റെ ഉദ്ധരണി പത്രൊസ് പ്രവൃത്തി 2 ലെ പെന്തകൊസ്തുനാളിൽ പറഞ്ഞു (2:17; എംഫസിസ് മൈൻ). ഇതുവരെ, *യെഹൂദന്മാർക്കു* (മനുഷ്യരിൽ ഒരു വിഭാഗം മാത്രം) മാത്രമായിരുന്നു പരിശുദ്ധാത്മാവ് ലഭിച്ചിരുന്നത്.[65] ഇപ്പോൾ, *ജാതികളുടെ* ലോകത്തിലും അവരുടെ പ്രതിനിധികളിൽ ആത്മാവിനെ പകർന്നു! "മുഖപക്ഷം കാണിക്കുവാനായിരു*ന്നില്ല*"! കൊർന്നെല്യോസിന്റെ വീട്ടിൽ നടന്ന അതുഭുതകരമായ സംഭവത്താലുണ്ടായ ഇന്നു നടക്കുന്ന എല്ലാ പരിവർത്തനങ്ങളുടേയും ഭാഗമാകുന്നുവോ? ഇന്നു അതിന്റെ ആവശ്യമില്ല, വീണ്ടും വീണ്ടും അത്ഭുതം ആവർത്തിക്കേണ്ടതില്ല.

നമ്മുടെ സംഭവത്തിലേക്കു മടങ്ങിവരാം: തന്റെ പോയിന്റ് പറയുവാൻ, പത്രൊസ് പ്രസംഗത്തിനിടയിൽ, ദൈവം പത്രൊസിന്റെ കേൾവികാരിൽ പരിശുദ്ദാത്മാവിനെ അയച്ചു. *ആറ് യെഹൂദ സാക്ഷികളുടെ* പ്രതികരണം 10:45–ൽ പറയുന്നു: "അവർ അന്യഭാഷകളിൽ സംസാരിക്കുന്നതും ദൈവത്തെ മഹത്വീകരിക്കുന്നതും കേൾക്കയാൽ, പത്രൊസിനോടുകൂടെ വന്ന പരിഛേദനക്കാരായ വിശ്വാസികൾ പരിശുദ്ധാത്മാവു എന്ന ദാനം ജാതികളുടെമേലും പകർന്നതു കണ്ടു വിസ്മയിച്ചു" ആ പോയിന്റിനെക്കുറിച്ചു *പത്രൊസിന്റെ* ചിന്ത 11:16, 17–ൽ പറയുന്നു: "അപ്പോൾ ഞാൻ, 'യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം കഴിപ്പിച്ചു, നിങ്ങൾക്കോ പരിശുദ്ധാത്മാവു കൊണ്ടു സ്നാനം ലഭിക്കും എന്ന കർത്താവു പറഞ്ഞ വാക്കു ഓർത്തു.' ആകയാൽ കർത്താവാ യ യേശുക്രിസ്തുവിൽ വിശ്വസിച്ചവരായ നമുക്കു തന്നതുപോലെ അതേ ദാനത്തെ അവർക്കും ദൈവം കൊടുത്തു ... , എങ്കിൽ ദൈവത്തെ തടുപ്പാൻ തക്കവണ്ണം ഞാൻ ആർ?"

### ഒരു നല്ല മനുഷ്യൻ രക്ഷിക്കപ്പെട്ടു (10:47, 48)

ജാതികൾ അന്യഭാഷയിൽ സംസാരിക്കുന്നതു കേട്ടു, വിസ്മയിച്ചു നിൽക്കുന്ന യെഹൂദപുരുഷന്മാരോടു, പത്രൊസ്: "നമ്മെപ്പോലെ പരിശുദ്ധാത്മാവു ലഭിച്ച ഇവരെ സ്നാനം കഴിപ്പിച്ചുകൂടാതവണ്ണം വെള്ളം വിലക്കുവാൻ, ആർക്കു കഴിയും എന്നു പറഞ്ഞു?" (10:47). കൊർന്നല്യോസിനെയും അവന്റെ ഭവനത്തിലുള്ളവരെയും സ്വീകരിക്കണോ വേണ്ടയോ *വോട്ടു* ചെയ്യുവാനല്ല പത്രൊസ് പറഞ്ഞത്: ഉത്തരം അടങ്ങുന്ന അലങ്കാര ചോദ്യമായിരുന്നു അത്: ദൈവത്തോട് എതിർക്കാതെ അതിനെ നിഷേധിക്കുവാൻ വഴി ഒന്നും *ഇല്ലായിരുന്നു*! ആ ആറു പേരുടെ മറുപടിക്കായി പത്രൊസ് കാത്തിരുന്നില്ല, അവർ മറുപടി പറഞ്ഞുമില്ല. സംഭവിക്കാനുള്ളതിന്റെ ഉത്തരവാദിത്വത്തിൽ ആവരും പങ്കുചേരണമായിരുന്നു.

കൊർന്നെല്യോസിലേക്കും അവന്റെ സ്നേഹിതരിലേക്കും പത്രൊസ് തിരിഞ്ഞപ്പോൾ അവന്റെ മുഖത്തു പുഞ്ചിരി വിടരുകയും അവന്റെ കൈകൾ വിശാലമായി പിടിക്കുകയും ചെയ്തിരിക്കുമെന്നു ഞാൻ ഊഹിക്കുന്നു. അവർ രക്ഷിക്കപ്പെടുവാനുള്ള വാക്യങ്ങൾ പറയേണ്ടതിനായിരുന്നു പത്രൊസിനെ ആയച്ചത് (11:14); ഇപ്പോൾ അവൻ വാക്കുകൾ അവ

സാനിപ്പിച്ചു: "അവൻ അവരെ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം കഴിപ്പിപ്പാൻ കൽപിച്ചു[66]" (10:48). "*അവന്റെ നാമം മൂലം*" യേശുവിൽ വിശ്വസിക്കുന്നവർക്കു പാപമോചനം ലഭിക്കുമെന്നു (10:43; എംഫസിസ്മെൻ) പത്രൊസ് പറഞ്ഞിരുന്നു. ഇപ്പോൾ കൊർന്നെല്യോസും അവന്റെ ഭവനക്കാരും "യേശുക്രിസ്തുവിന്റെ *നാമത്തിൽ*" സ്നാനമേൽക്കേണ്ടിയിരുന്നു.

കൊർന്നെല്യോസും കൂടെയുണ്ടായിരുന്നവരും സ്നാനപ്പെട്ടതെന്തിന്? സഭയുടെ സ്വഭാവം മനസ്സിലാക്കാത്തവർ പറയുന്നതു അവരുടെ സ്നാനം (1) അവർ രക്ഷിക്കപ്പെട്ടു കഴിഞ്ഞതിന്റെ അടയാളമായിട്ടും (2) സഭയുടെ ഭാഗമാക്കിതീർക്കുന്നതിനും ആയിരുന്നു എന്നാണ്. ഇത്തരത്തിൽ ആ സ്നാനത്തെ കാണുന്നവർ, സഭ എന്നതു രക്ഷിക്കപ്പെട്ടവരുടെ ശരീരമാണെന്നും;[67] സ്നാനം രക്ഷിച്ചു അയാളെ സ്വാഭാവികമായി സഭയുടെ അംഗമാക്കി തീർക്കുകയും ചെയ്യും എന്നതു അവർ മനസ്സിലാക്കുന്നില്ല. രക്ഷിക്കപ്പെടുകയും സഭയിലംഗമായിത്തീരുകയും ചെയ്യുക എന്നതു രണ്ടു പ്രവൃത്തിയല്ല യോജിച്ചുള്ള ഒറ്റ നടപടിയാണ്.

കൊർന്നെല്യോസിന്റെയും ഭവനക്കാരുടേയും സ്നാനത്തിന്റെ ഉദ്ദേശം പത്രൊസ് നിർവ്വചിക്കുന്നു, "ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല" (10:34). പ്രവൃത്തി 2-ൽ യെഹൂദന്മാർ സ്നാനപ്പെട്ട അതേ കാരണത്താലാണ് പ്രവൃത്തി 10-ൽ ജാതികൾ സ്നാനപ്പെട്ടത്: (1) പാപങ്ങളുടെ മോചനത്തിന്, (2) പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കുവാൻ, കൂടെ (3) കർത്താവിന്റെ സഭയോടു ചേർക്കപ്പെടുവാൻ (2:38, 41, 47).[68]

വിശ്വാസത്തിന്റെ ആവശ്യം പറഞ്ഞയുടനെ പത്രൊസിനെ തടസ്സപ്പെടുത്തിയില്ലായിരുന്നെങ്കിൽ (വാക്യം 43), അവന്റെ കേൾവിക്കാരെ സ്നാനം കഴിപ്പിക്കുവാൻ അവൻ കല്പിക്കുമായിരുന്നു (വാക്യം 48). ഈ വിവരണം യേശുവിന്റെ വാക്കുകളായി പൂർണ്ണമായി യോജിക്കുന്നു: "*വിശ്വസിക്കയും സ്നാനമേൽക്കുകയും* ചെയ്യുന്നവൻ രക്ഷിക്കപ്പെടും" (മർക്കൊസ് 16:16; എംഫസിസ്മെൻ). ഈ ഭാഗം മുഴുവൻ ഗലാത്യരോടുള്ള പൗലൊസിന്റെ ഉപദേശത്തിലുണ്ട്: "ക്രിസ്തുയേശുവിലെ *വിശ്വാസത്താൽ* നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു. *ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന* നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. *അതിൽ യെഹൂദനും യവനനും എന്നില്ല* ദാസനും സ്വതന്ത്രനും എന്നില്ല ആണും പെണ്ണും എന്നുമില്ല, ... നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ *ഒന്നത്രേ* (ഗലാത്യർ 3:26-28; എംഫസിസ്മെൻ).

പെന്തെകൊസ്തുനാളിൽ സ്നാനപ്പെട്ടവരിൽനിന്നു കുറഞ്ഞ സംഖ്യയായിരുന്നു കൈസര്യയിൽ ആ ചരിത്ര ദിവസം സ്നാനപ്പെട്ടതു, എന്നാൽ അതു പത്രൊസിനെ കേട്ടവർക്കും അന്നു സ്നാനപ്പെട്ടവർക്കും ആവേശകരമായ അവസരം തന്നെയായിരുന്നു! അവർ *എല്ലാവരും* സ്നാനപ്പെട്ടു എന്നാണ് സൂചന; അങ്ങനെയാണെങ്കിൽ, ഒരു ഉപദേഷ്ടാവിന്റെ പ്രസംഗത്തിന്നുവന്ന ഒരു കൂട്ടം പ്രവൃത്തികളുടെ പുസ്തകത്തിൽ അവർ എല്ലാവരും പരിവർത്തനം ചെയ്തതു ഈ സന്ദർഭത്തിൽ മാത്രമാണ്![69]

സംഭവം ഈ വാക്കുകളിൽ അവസാനിപ്പിക്കുന്നു: "അവൻ ചില ദിവസം അവിടെ താമസിക്കേണം അവർ അപേക്ഷിച്ചു" (10:48).

പുതുക്രിസ്ത്യാനികൾ യേശുവിനെക്കുറച്ചു കൂടുതൽ പഠിക്കാനാഗ്രഹി ച്ചു, പത്രൊസ് സന്തോഷത്തോടെ സമ്മതിക്കയും ചെയ്തു.[70] ആളു കളോടു സുവിശേഷം പ്രസംഗിച്ച് സ്നാനപ്പെടുന്നവരെ താൻ പഠി പ്പിച്ച*തൊക്കയും*, പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിക്കണമെന്നല്ലേ യേശു പറഞ്ഞതു (മത്തായി 28:19, 20)? എങ്ങനെയായാലും, വിപുല മായ ഉപദേശത്തേക്കാൾ താമസിക്കുന്നതിൽ ഉൾപ്പെട്ടിരുന്നു. യെഹൂദ/ ജാതി കൂട്ടായ്മ അപ്പോഴും നേർമ്മയുളളതുമാത്രമായിരുന്നു; അതിനു ശക്തി വേണ്ടിയിരുന്നു. കൊർന്നെല്യോസിന്റെ മുറ്റം കടക്കുന്ന മുഖ്യ നടപടി പത്രൊസ് എടുത്തിരുന്നു. ഇപ്പോൾ ആ ഭവനത്തിൽ അവൻ പല ദിവസം അവൻ *താമസിച്ചു* – ജാതികൾ ഭക്ഷിക്കുന്നതു അവനും *ഭക്ഷിച്ചു*! (11:3). അവന്റെ ജീവിതത്തിൽ ഒരു പക്ഷേ ആദ്യമായി ഉച്ചഭ ക്ഷണത്തിനു പന്നിയിറച്ചി കൂട്ടി കഴിച്ചിരിക്കും! അങ്ങനെയെങ്കിൽ, ആദ്യം എടുത്തു കടിച്ചപ്പോൾ അവനു വീർപ്പുമുട്ടിക്കാണും – പിന്നെ അവൻ അതു വിഴുങ്ങിക്കാണുമെന്ന് ഉറപ്പാണ്! യെഹൂദന്മാരും ജാതികളും തമ്മിലുളള വേർപ്പാട് അവസാനം ഇല്ലാതാകുന്നു![71]

### ഉപസംഹാരം

കൊർന്നല്യോസിന്റെ ഭവനത്തിലെ പരിവർത്തന സംഭവം നിങ്ങൾ വായിക്കുമ്പോൾ, അതിനോടനുബന്ധിച്ചു നടന്ന അത്ഭുതങ്ങളിൽ നിങ്ങൾ കുടുങ്ങിപ്പോകരുത്. ഓരോ പരിവർത്തന സംഭവങ്ങളിലും യാദൃശ്ചികതയും ആവശ്യകതയും അടങ്ങുന്നതാണ്. യാദൃശ്ചികത ആ സംഭവത്തിന്റെ പ്രത്യേകതയാണ്; ആവശ്യകത കളാണ് ആ സംഭവത്തിന്റെ ഹൃദയഭാഗം, അവ രക്ഷക്കു ആവശ്യമാണ്. ഓരോ സംഭവത്തിലും യാദൃശ്ചികത വ്യത്യസ്തമായിരിക്കും, എന്നാൽ ആവശ്യകതകൾ ഒന്നു തന്നെ ആയിരിക്കും.[72] ദൈവം "മുഖപക്ഷം കാണിക്കുന്നവനല്ല"; അവൻ മനുഷ്യർക്കിടയിൽ "വ്യത്യാസം വെച്ചിട്ടില്ല" (10:34; 15:9). അവർക്കും മുൻപും പിൻപും ആളുകൾ എങ്ങനെ രക്ഷിക്കപ്പെട്ടോ, അങ്ങനെയാണ് കൊർന്നെല്യോസും കുടുംബവും രക്ഷിക്കപ്പെട്ടത്. അവർ വിശ്വസിക്കുകയും (10:43; 15:11),[73] മാനസ്സാന്തരപ്പെടുകയും (11:18), സ്നാനപ്പെടുകയും ചെയ്തു (10:48). അങ്ങനെയാണ് അവർ ദൈവകൃപയാൽ രക്ഷിക്കപ്പെട്ടത് (15:11); അങ്ങനെയാണ് നിങ്ങൾക്കും എനിക്കും ദൈവകൃപയാൽ രക്ഷിക്ക പ്പെടാൻ കഴിയുന്നത്!

*നിങ്ങളുടെ* കർത്താവിനോട് നിങ്ങൾ ഇങ്ങനെ പ്രതികരിച്ചില്ലെങ്കിൽ, എന്തുകൊണ്ട് ഇപ്പോൾ ആയിക്കൂടാ?

---

### ദൃശ്യ - സഹായക്കുറിപ്പുകൾ

---

പാഠത്തിന്റെ അവസാനമായി, ഈ ലളിതമായ രൂപരേഖ ബോ ർഡിൽ ചുരുക്കമായി എഴുതാം:

കൊർന്നെല്യോസ് എങ്ങനെ രക്ഷിക്കപ്പെട്ടു?

അവന്റെ നല്ല ജീവിതത്തിലാണോ? അല്ല.
അത്ഭുത പ്രദർശനത്താലാണോ? അല്ല.
വിശ്വാസത്താലും അനുസരണത്താലുമാണോ? അതെ.
വചനം കേട്ടുകൊണ്ട് (11:14)
വിശ്വസിച്ചുകൊണ്ട് (10:43)
മാനസാന്തരപ്പെട്ടുകൊണ്ട് (11:18)
സ്നാനപ്പെട്ടുകൊണ്ട് (10:48)
അവർ കൃപയാലാണോ രക്ഷിക്കപ്പെട്ടത്? അതെ! (15:11)

അമേരിക്കയിലുള്ളവർക്കു., അങ്കിൾ സാമിന്റെ പോസ്റ്റർ പറയുന്നതു, "എനിക്കു നിങ്ങളെ വേണം!" എന്നതു ദൃശ്യസഹായത്തിനു പറ്റിയതായതുകൊണ്ട് എടുക്കാം. സൈന്യത്തിൽ ആളുകളെ തിരഞ്ഞെടുക്കുന്നവരോട് ചോദിച്ചാൽ ഒരുപക്ഷെ ആ പോസ്റ്റർ ലഭിക്കും, അതു കിട്ടിയില്ലെങ്കിൽ അതു വരപ്പിച്ച് എടുക്കാവുന്നതാണ്.

## പ്രസംഗക്കുറിപ്പുകൾ

നല്ല പ്രസംഗത്തിനു നല്ല പ്രാസംഗികനും നല്ല കേൾവിക്കാരും വേണമെന്ന് അനേകർ തിരിച്ചറിയുന്നില്ല. പല രീതിയിലും, പ്രാസംഗികനേക്കാൾ കേൾവിക്കാരാണ് കൂടുതൽ പ്രധാനം. 10-ാം അദ്ധ്യായം 33-ാം വാക്യം "മാതൃകാ സദസ്സ്" എന്ന വിഷയത്തിൽ ഒരു പ്രസംഗം നടത്താം: (1) "ഞങ്ങൾ എല്ലാവരും ഇവിടെയുണ്ട്" ഓരോ സഭായോഗത്തിലും എല്ലാവരും ഉണ്ടായിരിക്കണം എന്നാണ് നാം ആഗ്രഹിക്കുന്നതു (10:25)! കൊർന്നെല്യോസിനെപ്പോലെ നമ്മുടെ അയൽക്കാരനേയും സ്നേഹിതരേയും ക്ഷണിച്ചു വരുത്തിയാലെന്നു വിചാരിക്കുക! (2) "ദൈവസന്നിധിയിൽ വന്നിരിക്കുന്നു." നാമെല്ലാ വരും ദൈവ സാന്നിദ്ധ്യത്തിലാണെന്നുകയും നാം ചെയ്യുന്നതെല്ലാം ദൈവം കാണുന്നുണ്ടെന്നു മനസ്സിലാക്കണം (മത്തായി 18:20; 1 കൊരിന്ത്യർ 5:4). നമ്മുടെ ഉദ്ദേശം നമ്മെ പ്രീതിപ്പെടുത്തുകയല്ല, ദൈവത്തെ പ്രീതിപ്പെടുത്തുകയാണ്! (3) "കേൾക്കുവാൻ." ദൈവവചനത്തിൽ നിന്നു പ്രസംഗിക്കുമ്പോൾ, സന്ദർശിക്കുന്നതിനോ സ്വീകരിക്കുന്നതിനോ ഉള്ള സമയമല്ല, ശ്രദ്ധിക്കുന്നതിനുള്ള സമയമാണ്. ആശയവിനിമയത്തിനു നല്ല കേൾവിക്കാർ ആവശ്യമാണ്. (4) "കർത്താവു നിന്നോട് കല്പിച്ചതൊക്കെയും" നല്ല പ്രസംഗം നമുക്ക് ഇഷ്ടമുള്ളതല്ല പിന്നെയോ *ദൈവം* കല്പിച്ചതാണ് - അവൻ കല്പിച്ചതിന്റെ ഒരു *ഭാഗം* അല്ല, അവൻ കല്പിച്ചതു *ഒക്കെയും*!

കൊർന്നെല്യോസിന്റെ പരിവർത്തനത്തിലുണ്ടായ അസാധാരണത്വത്തെ പെട്ടെന്നു ശ്രദ്ധിക്കുക പത്രൊസിന്റെ പ്രസംഗത്തെയാണ് ഈ പാഠം വിരൽ ചൂണ്ടുന്നത്. പത്രൊസിന്റെ പ്രസംഗം നല്ലൊരു അനുബന്ധ പഠനം നമുക്കു തരുന്നുണ്ട്. അത്തരം അവതരണത്തിനു നിങ്ങൾക്കു ഒരുങ്ങുവാനായി അസംഖ്യം കുറിപ്പുകൾ ഞാൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കുറിപ്പുകൾ

[1]ദൈർഘ്യമേറിയ വിവരണങ്ങളിൽ രണ്ടാമത്തേതു പെന്തക്കൊസ്തു നാളിലെ യെഹൂദന്മാരുടെ പരിവർത്തനമാണ് (1 അദ്ധ്യായം, 47 വാക്യങ്ങൾ). കൊർന്നെല്യോസിന്റെ പരിവർത്തന ഒരദ്ധായം മുഴുമൻ ഉപയോഗിക്കുന്നു (48 വാക്യങ്ങൾ), അടുത്ത അദ്ധ്യായത്തിൽ സംഭവം ഉടനെ ആവർത്തിച്ചു പറയുന്നു (18 വാക്യങ്ങൾ). ശൌലിന്റെ പരിവർത്തനത്തിനു 9-ാം അദ്ധ്യായത്തിൽ 19 വാക്യങ്ങളേ എടുക്കുന്നുള്ളൂ, 22, 26 അദ്ധ്യായങ്ങളിൽ സംഭവം ആവർത്തിച്ചു പറയുമ്പോൾ, മൊത്തം 38 വാക്യങ്ങളെ വരുന്നുള്ളൂ. [2]വാസ്തവത്തിൽ, വിശദീകരണത്തിൽ പലതും രണ്ടില*ധികം* പ്രാവശ്യം പറയുന്നുണ്ട് (ഉദാഹരണമായി ദൃതൻ കൊർന്നെല്യോസിനു പ്രത്യക്ഷപ്പെട്ടത്). പല അദ്ധ്യായങ്ങൾ കഴിയഞ്ഞാണ് ശൌലിന്റെ പരിവർത്തനം, ആവർത്തിച്ച് പറഞ്ഞിട്ടുള്ളത്. [3]സി. ബ്രൂസ്. വൈറ്റ്, "ദി സീക്കിങ്ങ് സെഞ്ചുറിയൻ," *ദീ പ്രീച്ചേഴ്സ് പീരിയോഡിക്കൽ* (മാർച്ച് 1987): 33-35. [4]റോമാ സൈന്യത്തിൽ കൈക്കൂലി ജീവിതോപാധി ആയിരുന്നു, എന്നാൽ കൊർന്നെല്യോസ് അഴിമതിക്കപ്പുറമായിരുന്നു. [5]എൻ.എ.എസ്.ബിയിൽ "*യെഹൂദജനം*" എന്നാണ്, പക്ഷെ തർജ്ജിമക്കാർ "യെഹൂദ" എന്നാണ് കൊടുത്തത്. കാരണം ഒരുപക്ഷെ പ്രവൃത്തികളുടെ പുസ്തകത്തിൽ പലപ്പോഴും യെഹൂദന്മാരുടെ "ജനം" എന്നാണ് പറഞ്ഞിരിക്കുന്നത് കൊർന്നെല്യോസ് യെഹൂദന്മാരെ നല്ല വിധത്തിൽ സഹായിച്ചിരുന്ന (വാക്യം 22), എന്നാൽ ഒരു പക്ഷേ അവൻ യെഹൂദനല്ലാവർക്കും സഹായം ചെയ്തിരിക്കാം എൻഐവിയിൽ "അവൻ ആവശ്യമുലള്ളവർ ഔദാര്യപൂർവ്വം സഹായിച്ചരുന്നു" എന്നാണ്. [6]ലൂക്കൊസ് 7:2-5 ലെ ശതാധിപന്നുമായി കൊർന്നെല്യോസിനെ താരതമ്യം ചെയ്യുക. [7]ഒരു യെഹുദൻ പറഞ്ഞിരിക്കും, "അവൻ പരിഛേദന ഏൽക്കുകയാണ് വേണ്ടതു!" [8]വലുതാക്കിയ വെസ്റ്റേൺ ടെക്സ്റ്റ് പറയുന്നതു "ദാസന്മാരിൽ ഒരാൾ മുൻപായി ഓടിച്ചെന്നു ധപത്രൊസ്പ എത്തിക്കഴിഞ്ഞു എന്നറിയിച്ചു." [9]മറ്റൊരു സാദ്ധ്യത, പത്രൊസിനെ വരുത്തുവാൻ യോപ്പയിലേക്കു സന്ദേശ വാഹകരെ അയച്ചശേഷം ഉടനെ തന്നെ സ്നേഹിതരേയും ചർച്ചക്കാരെയും ദൈവത്തിന്റെ വക്താവ് വരുന്നതുവരെ പ്രാർത്ഥനാ യോഗത്തിനായി ക്ഷണിച്ചിരിക്കാം. [10]എൻഐവി യിൽ "ബഹുമാനത്തോടെ അവന്റെ കാൽക്കൽ വീണു" എന്നാണ്.

[11]എഎസ്വി യിലെ കുറിപ്പു നോക്കുക. "നമസ്കരിച്ചു" എന്നതു ഗ്രീക്കു വാക്യം 10:25 ലേതു തർജ്ജിമ ചെയ്തിരിക്കുന്നതു "ബഹുമാനം" എന്നതിനുള്ള എഫെസ്യർ 5:33 ലെ വാക്കുതന്നെയാണ്. (കെജെവി യിൽ ഭാര്യ "ഭർത്താവിനെ *ബഹുമാനിക്കണം*" എന്നാണ്.) [12]പാലസ്തീനിലെ തൊഴിൽ പരമായ സൈന്യത്തിന്റെ ഭാഗമായിരുന്നു ശതാധിവൻ. [13]കൊർന്നെല്യോസ് തന്നെ നമസ്ക്കരിച്ചതെന്തിനെന്നു ചോദിക്കാതെ, "ഞാൻ ദൈവത്തിന്റെ *പ്രതിനിധി* ആരാണെന്നു നീ മനസ്സിലാക്കിയെങ്കിൽ, ശരി എന്നും പറഞ്ഞില്ല." തെറ്റില്ലാത്ത രീതിയിൽ പത്രൊസ് എഴുന്നേൽക്കാൻ പറഞ്ഞു! [14]വെളിപ്പാട് 19:10; 22:8, 9. ഞാൻ റോം സന്ദർശിച്ചപ്പോൾ അവിടെ പത്രൊസിന്റെ ലോഹപ്രതിമ കണ്ടിട്ടുണ്ട്, കാൽ വിരൽ തേഞ്ഞു തടങ്ങി കാരണം അന്ധവിശ്വാസികളായ ആളുകൾ ചുംബിച്ചു ചുംബിച്ചായിരിക്കാം പത്രൊസിനു ലജ്ജതോന്നിക്കും! *ഏതൊരു* ദൈവദാസനായാലും ദൈവത്തിനു കൊടുക്കേണ്ട ആരാധനകാണിക്കാവുന്നതല്ല. സഭയിൽ മറ്റാരെക്കാളും ഉയർന്ന "ഉദ്യോഗം" പത്രൊസിനുണ്ടായിരുന്നു (അപ്പൊസ്തലൻ എന്ന സ്ഥാനം) - എന്നിട്ടും *തന്നെ* നമസ്ക്കരിക്കുന്ന തു പത്രൊസ് കൊർന്നെല്യോസിനെ അനുവദിച്ചില്ല. [15]ജിമ്മി അലെൻ, *ദി നീഡ് ഫോർ റി വൈവൽ* (സിയേഴ്സി, ആർക്ക്.: ബൈ ദി ആദർ, 1973), 136-37. [16]ബർണാഡ് ആർ. യങ്ങ്മാൻ, *സ്പ്രെഡ്ഡിങ്ങ് ദി ഗോസ്പെൽ* (ലണ്ടൻ: ഹൽട്ടൻ എഡ്യൂക്കേഷണൽ പബ്ലികേഷൻസ്, 1956), 38. [17]ഒരു പക്ഷേ 28-ാം വാക്യത്തിൽ സംസാരിച്ച വാക്കുകൾ കൂടി വന്ന ജാതികൾക്കുവേണ്ടി പത്രൊസിനോടുകൂടെ വന്ന ആറു യെഹൂദസഹോദരന്മാരുടെ പ്രയോജനത്തിനായിരിക്കാം കൂടി വന്നവരിൽ, അധികവും, ഒരു പക്ഷേ കൊർന്നെല്യോസിനെപ്പോലെ "ദൈവ - ഭയം" ഉള്ളവരായതുകൊണ്ട് പള്ളിയിൽ വന്നതാകാം. അവർക്കു ന്യായപ്രമാണത്തെയും യെഹൂദന്മാരുടെ

സമ്പ്രദായങ്ങളെയും അറിയാമായിരുന്നു. [18]“ഫോറിനർ” എന്നതു ഗ്രീക്കു തർജ്ജിമ ചെയ്തതാണ് സെപ്റ്റ്വജിന്റിൽ (പഴയനിയമം ദിക്കിൽ തർജ്ജിമചെയ്തത്) *പരിച്ഛേദന ഏൽക്കാത്ത ഫിലിസ്ത്യരെ* സൂചിപ്പിക്കുന്നു. അതൊരു പരിഹാസ്യ പദമായി ഒരു പക്ഷെ പത്രൊാസ് എതിരഭിപ്രായത്തെ മറികടക്കാൻ ഉപയോഗിച്ചതാകാം. [19]കെ.ജെവിയിൽ “വിത്തൌട്ട് ഗെയിൻ സെയിങ്ങ്” എന്നാണ്. “ഗെയിൻ സെ” എന്നതു പഴയ പ്രയോഗമാണ് അർത്ഥം “എതിരായി സംസാരിക്കുക” എന്നാണ് പത്രൊാസ് “മറുപടി പറയാതെ” ആണ് വന്നതു. [20]യെഹൂദകണക്കാക്കലനുസരിച്ച്, ഒരു ഭാഗം എന്നതു മുഴുവൻ ഭാഗവും എന്നാണ്. ഒന്നാം ദിവസം ദൂതൻ കൊർന്നെല്യോസിനു പ്രത്യക്ഷനായ ദിവസം രണ്ടാം ദിവസം പത്രൊാസിന്നുണ്ടായ ദർശനം ആണ്. മൂന്നാം നാൾ പത്രൊാസു കൂടെയുള്ളവരും യാത്രചെയ്ത ദിവസം. നാലാം നാൾ പത്രൊാസും കൂടെയുള്ളവരും കൈസര്യയിൽ എത്തിയ ദിവസം.

[21]ആദ്യം, “വായി തുറന്നു” എന്ന പദപ്രയോഗം എന്നതു അസാധാരണമായി തോന്നാം. (വായി അടെച്ച് അവനു എങ്ങനെ സംസാരിക്കാൻ കഴിയും?) എങ്കിലും, പുതിയ നിയമത്തിൽ “വായി തുറന്നു,” എന്ന പ്രയോഗം എന്തെങ്കിലും ഘനമായി ഉച്ചരിക്കാൻ പോകുന്നതിനു ഉപയോഗിക്കുന്നതാണ്. [22]“മുഖ വിലക്കെടുക്കുക” എന്ന ആനുകാലിക പ്രയോഗം 10:34-ൽ ഉപയോഗിച്ച ഗ്രീക്കു വാക്കിൽ നിഷേധസൂചനയൊന്നുമില്ല. [23]1 പത്രൊാസ് 1:17. ഈ വിധത്തിൽ നാം ദൈവത്തെ അനുകരിക്കണം (യാക്കൊബ് 2:1-13). [24]ആമോസ് 9:7 മീഖാ 6:8. [25]“സ്വാഗതം” എന്ന വാക്ക് അക്ഷരികമായി, തർജ്ജിമ ചെയ്തിരിക്കുന്നത് “സ്വീകരിക്കുന്ന” എന്നാണ് (കെജെവി). [26]ലൂക്കോസ് രേഖപ്പെടുത്തിയ പ്രസംഗം ഉച്ചത്തിൽ വായിക്കാൻ ഒരു മിനിറ്റിൽ താഴെ മതി. ഒരിക്കൽ കൂടെ, നാം ലൂക്കോസിന്റെ എഡിറ്റിങ്ങ് കാണുന്നു. ശ്രദ്ധിക്കേണ്ടകാര്യം, എങ്ങനെയായാലും, 36 മുതൽ 38 വരെയുള്ള വാക്യങ്ങളിലെ ഗ്രീക്കു വൈരൂപ്യഘടനയും ആരാമ്യ പ്രയോഗങ്ങളും സൂചിപ്പിക്കുന്നതു ലൂക്കോസ് ഇതൊന്നും കണ്ടു പിടിച്ചതല്ല എന്നാണ്. അതു പത്രൊാസ് വാസ്തവത്തിൽ പറഞ്ഞ സത്തയാണ്. [27]ജാതിയിൽപെട്ട സദസ്സ്യനോടുള്ള ഈ പ്രസംഗത്തിൽ, പത്രൊാസ് കൂടുതൽ സമയവും യേശുവിന്റെ വ്യക്തിപരമായ ശുശ്രൂഷയെക്കുറിച്ചായിരുന്നു. ഇന്നു യെഹൂദസദസ്യരിൽ നിന്നും വ്യത്യസ്തമായിരുന്നു. [28]ഇതു *ആദ്യം* “യിസ്രായേൽ മക്കൾക്ക്” (യെഹൂദന്മാർ) അയച്ച വചനത്തെ സൂചിപ്പിക്കുന്നു. [29]എഫസ്യർ 2:17. [30]ഇതിൽ ജാതികളും ഉൾപ്പെടുന്നു.

[31]അവർക്കു യേശുവിനെക്കുറിച്ചു കുറെ അറിയാമെന്നു പത്രൊാസ് മനസ്സിലാക്കിയതു ഒരുപക്ഷേ അവനോടു കൂടെ സഞ്ചരിച്ച സന്ദേശവാഹകരിൽ നിന്നാകാം. അല്ലെങ്കിൽ, അവർക്കു പ്രാഥമിക അറിവുണ്ടെന്നു *ഊഹിച്ചതാകാം* (1) യെരുശലേമിൽ നിന്നു എഴുപതോ അതിൽ കുറവോ മൈലുകൾക്കകലെയായിരുന്നു അവർ, (2) യേശു വിശാലമായി സഞ്ചരിച്ചിരുന്നു, (3) ഫിലിപ്പോസ് കൈസര്യയിൽ പ്രസംഗിച്ചിട്ടുണ്ട്. യേശുചെയ്തതു *ചിലർക്കു* അവർ കേട്ടിരിക്കാം, ഇപ്പോൾ അവരെ പത്രൊാസ് *കൂടുതലായി* ഉപദേശിക്കുന്നു. [32]“യെഹൂദ്യ” എന്നതു ഇവിടെ പാലസ്തീൻ മുഴുവനെയും സൂചിപ്പിക്കുന്നു. [33]പത്രൊാസിന്റെ കൊർന്നെല്യോസിനോടുള്ള പ്രസംഗം ആരുഭിക്കുന്നത് (മർക്കൊസ് അങ്ങനെ തുടങ്ങുന്നു): പിന്നെ യേശുവിന്റെ ഉയിർത്തെഴുന്നേൽപിലേതു തുടർന്നു (മർക്കൊസിന്റെ സുവിശെഷവും അങ്ങനെയാണ്). താരതമ്യം ഊന്നിപ്പറയാവുന്നതല്ല. (മർക്കൊസിന്റെ പുസ്തകത്തിൽ ഉയിർപ്പിന്റെ) പ്രത്യഷതയോ, യേശു ശിഷ്യന്മാരോടു കൂടെ തിന്നുകുടിച്ചതോ, ആയ വിവരങ്ങൾ ഇല്ല - പക്ഷെ പ്രവൃത്തി 10ലെ പത്രൊാസിന്റെ പ്രസംഗത്തിലുണ്ട്. [34]യേശു യോഹന്നാനാൽ സ്നാനമേറ്റപ്പോൾ ദൈവം അവനെ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്തു (ലൂക്കൊസ് 3:21, 22; 4:18, 19). “ദൈവം അഭിഷേകം ചെയ്തു” എന്നു പറയുമ്പോൾ “ദൈവം അവനെ മശിഹയാക്കി” എന്നർത്ഥം. [35]ഈ പ്രസംഗത്തിലെ ഊന്നൽ (മർക്കൊസിന്റെ പുസ്തകത്തിലും ഇതു വാസ്തവമാണ്) യേശു *ചെയ്തതാണ്, ഉപദേശിച്ച*തല്ല. ഉപദേശവും പ്രാധാന്യമുള്ളതാണ്, അതാണ് അവൻ *ചെയ്തതും* (അവന്റെ ക്രൂശിലെ മരണം) അതാണ് നമ്മെ രക്ഷിക്കുന്നതു,

അല്ലാതെ വെറും ഉപദേശമല്ല. യേശു ഉപദേശിച്ചതു ഉപദേശിപ്പാൻ മറ്റാരെയെങ്കിലും ദൈവത്തിനു അയക്കാമായിരുന്നു, പക്ഷെ ക്രൂശിൽ നമുക്കു വേണ്ടി മരിക്കാൻ യേശുവിനു മാത്രമെ കഴിഞ്ഞുള്ളൂ! [36]പാലസ്തീനിലെ എല്ലാ രോഗികളെയും യേശു സൗഖ്യമാക്കിയില്ല, അതുകൊണ്ട് "എല്ലാവരും" എന്നതു ഒന്നുകിൽ "അവൻ സൗഖ്യമാക്കിയ എല്ലാവരും" അല്ലെങ്കിൽ "അവർക്കിടയിൽ രോഗികളായിരുന്ന *എല്ലാവരും* എന്നർത്ഥം." [37]ചില സന്ദർഭങ്ങളിൽ തിരുവെഴുത്തിൽ, ചില ശാരീരിക വൈകല്യങ്ങൾ സാത്താന്റെ പ്രവൃത്തിയായി പറയുന്നു (ലൂക്കൊസ് 13:16; 2 കൊരിന്ത്യർ 12:7; ഇയ്യോബിന്റെ പുസ്തകം). ഇതിനർത്ഥം എല്ലാരോഗവും സാത്താൻ കൊണ്ടു വരുന്നു എന്നല്ല, അല്ലെങ്കിൽ രോഗത്തിനു വലിയ വിലയോന്നുമില്ല എന്നുമല്ല (സങ്കീർത്തനങ്ങൾ 119:67, 71). "പിശാചു ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കി" എന്നതിൽ *ആത്മീയ* സൗഖ്യവും ഉൾപ്പെടുന്നു അവരുടെ *മനസ്സ്* സാത്താന്റെ ആധിപത്യത്തിലായിരുന്നു. [38]യോഹന്നാൻ 3:2. [39]മറ്റൊരു വിധത്തിൽ, "ഈ കാര്യങ്ങളെക്കുറിച്ചു നിങ്ങൾ *കേട്ടിരിക്കും*, എന്നാൽ ഞങ്ങൾ വാസ്തവത്തിൽ അവ *കണ്ടു* സത്യമാണെന്ന് അറിഞ്ഞു. [40]അക്ഷരികമായി, വേദഭാഗത്തിൽ "മരത്തിന്മേൽ" എന്നാണ് (കെജെവി, എൻഐവി) (ആവർത്തനപുസ്തകം 21:22, 23).

[41]"കാണത്തക്കവണ്ണം" എന്നാണ് വേദഭാഗത്തിൽ സാക്ഷികൽക്കു കാണുമാറാക്കിയതുകൊണ്ടാണ് ഉയിർത്തെഴുന്നേറ്റ ശരീരം അവർക്കു കാണാൻ കഴിഞ്ഞത്. [42]ചിലർ പറയുന്നതു അവനെ അറിയാവുന്നവർക്കു മാത്രം യേശു പ്രത്യഷമായതുകൊണ്ട് അവന്റെ ഉയിർത്തെഴുന്നേറ്റു എന്ന അവകാശം ദുർബ്ബലമാക്കുന്നുഅവൻ. എങ്കിൽ, *അതു* യേശു തിരിച്ചറിയുവാൻ യോഗ്യതയുള്ള വേറെ ആരുണ്ട്? അവൻ മുൻകൂട്ടി - നിശ്ചയിച്ച സാക്ഷികൾക്കു പ്രത്യക്ഷമായതു തെളിയിക്കുന്നതു സാക്ഷികൾ അവിശ്വാസ്തരാണ്, *എങ്കിൽ* എന്നാണ്, അല്ലെങ്കിൽ അവർ യേശുവിനെ കണ്ടു എന്നു പറയുന്നതു എന്തെങ്കിലും നേട്ടത്തിനു വേണ്ടിയാകണം. ഇവക്കു രണ്ടിനും തെളിവില്ല. [43]ഉയർത്തെഴുന്നേറ്റ *ശരീരത്തെ* ബോധ്യമാക്കാവുന്ന തെളിവായിട്ടാണ് ലൂക്കോസ് പറയുന്നത് (ലൂക്കോസ് 24:41-43). ഒരു ദർശനത്തിനോ ശരീരം ഇല്ലാതെ ഫാന്റത്തിനോ മീൻ തിന്നാൻ കഴിയുമോ? [44]മത്തായി 28:18-20; മർക്കോസ് 16:15, 16. "ജനം" എന്നു പ്രവൃത്തികളിൽ പറയുന്നതു പലപ്പോഴും യെഹൂദന്മാരെയാണ്, എന്നാൽ ഇവിടെ "*സകലജ*നവും," എന്നതു അതായതു, യെഹൂദന്മാരും ജാതികളും ആണ്. [45]യേശുവിനെ ന്യായാധിപനായി പ്രവൃത്തികളുടെ പുസ്തകങ്ങൾ ഇതാദ്യമായിട്ടാണ് പറയുന്നതു, എന്നാൽ ഇത് അവസാനമായിരിക്കയില്ല (17:31). 2 തിമൊഥെയോസ് 4:1; 1 പത്രൊസ് 4:5 ശ്രദ്ധിക്കുക. [46]തന്റെ കഴിഞ്ഞ പ്രസംഗങ്ങൽ സൂചിപ്പിച്ച ചില പ്രവാചകന്മാരെ പത്രൊസ് ഒരു പക്ഷെ പറഞ്ഞിരിക്കാം. (പ്രവൃത്തി 2; 3.) ഈ ദൈവ - ഭയമുള്ളരവർക്കു പ്രാചകന്മാരെ പരിചയം ഉണ്ടായിരിക്കാം. [47]43-ാം വാക്യത്തിലെ ഊന്നൽ നൽകിയ വാക്കുകൾ "അവന്റെ" എന്നതും "അവനു" എന്നതുമാണ്: രക്ഷ *ക്രിസ്തു മുഖാന്തരം* മാത്രമാണ്. ഇന്നു അന്യദേവന്മാരെ വണങ്ങുന്നവരെക്കുറിച്ച്, ചിലർ പറയുന്നു, "അവരുടെ മതം അവരുടെ ആചാരത്തിൽ ഭാഗമാണ് - നാം അവരുടെ ആചാരത്തിൽ ഇടപെടേണ്ട." പൊതുവിൽ നാം ആളുകളുടെ ആചാരത്തെ പിടിച്ചോട്ടെ എന്നു വെക്കാം, പക്ഷെ *മതത്തിൽ* വരുമ്പോൾ, നാം മനസ്സിലാക്കുന്നത്, എത്ര "നിറമുള്ള" അന്യദേവന്മാരെ പ്രീതിപ്പെടുത്തുന്ന മതമായല്ല, അതിനൊന്നിനും അവരെ രക്ഷിക്കാൻ സാദ്ധ്യമല്ല! രക്ഷ "യേശുവിന്റെ നാമം മൂലം" മാത്രമാണ്! [48]പത്രൊസ് വിസ്മയിച്ചിരിക്കാം. പത്രൊസിനെപ്പറ്റി പറഞ്ഞിട്ടില്ല കാരണം ഊന്നൽ കൊടുത്തിരിക്കുന്നതു യെഹൂദ ക്രിസ്ത്യാനകൾക്ക്. പത്രൊസിന് ദർശനവും ആത്മാവിന്റെ വാക്കുകളും നിമിത്തം ബോധ്യമായി അവിടെ ആത്മാവിനെ പകർന്നതു പത്രൊസിനോടുകൂടെ ഉണ്ടായിരുന്ന ആറുപേരെ ബോധ്യപ്പെടുത്തുന്നതിനായിരുന്നു. [49]അവർ ഒരു പക്ഷേ "ദൈവത്തെ ഉയർത്തുകയാവാം [പുകഴ്ത്തി]" കാര ണം ജാതികളെ ദൈവം സ്വീകരിക്കുന്നുവെന്നു പത്രൊസിന്റെ കൂടെ പറഞ്ഞിരുന്നു! [50]"പ്രവൃത്തി, 1-ാം ലക്കത്തിലെ" കുറിപ്പുകൾ നോക്കുക.

[51]എൻഎഎസ്ബി ഇവിടെത്തെ ക്രിയ ശരിയായി തർജ്ജിമ ചെയ്തിരിക്കുന്നതു സൂചിപ്പിക്കുന്നതു യേശു ഇതു ഒന്നിൽ കൂടുതൽ പറഞ്ഞിരിക്കുമെന്നാണ്, യേശു പറഞ്ഞ ഒരു രേഖ 1:4, 5; മറ്റുഭാഗങ്ങൾ പറഞ്ഞതു നമുക്കു അറിഞ്ഞുകൂടാ. [52]എഫ് എഫ്.ബ്രൂസ്, *ദി ബുക്ക് ഓഫ് ആക്ട്സ്*, റെവ.ഇഡി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: ഡബ്ലിയു എം ബി. എർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1988), 217. [53]എൻ സി വിയിൽ 10:46-ൽ "വ്യത്യസ്ത ഭാഷകൾ" എന്നാണ്. [54]"സെയിം" എന്ന ഗ്രീക്കുവാക്കായ *ഐസോസിസ്* ആണ് അർത്ഥം, "ഒരേ, തുല്യമായ," "ഐസോസെലെസ് ട്രൈയാംഗിൾ" പോലെ (രണ്ടുതുല്യവശങ്ങളുള്ള ത്രികോണം). [55]പെന്തെകൊസ്തു നാളിലേപോലെ, അവർ പറഞ്ഞതു കേട്ടവർക്കു മനസ്സിലാക്കാൻ കഴിയു, രണ്ടു അവസരങ്ങളിലും അന്യഭാഷ - സംസാരിക്കാൻ പറഞ്ഞതു കേൾവിക്കാർക്കു *മനസ്സിലായി* (2:11; 10:46). [56]ഐഹോവാർഡ് മാർഷൽ, *ദി ആക്ട്സ് ഓഫ് ദി അപ്പൊസ്തലൻസ്*, ടിൻ ഡെയിൽ ന്യൂടെസ്റ്റമെന്റ് കമന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം.ബി. എർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1980), 197. (എംഫസിസ് ഹിസ്.) [57]വാരൻ ഡബ്ലിയു വിയേഴ്സ്ബേ, *ദി ബൈബിൾ എക്സ്പൊഷിഷൻ കമ ന്ററി*, വാല്യം 1 (വീററൻ, Ill.: വിക്ടർ ബുക്ക്സ്, 1989), 448. (എംഫസിസ് ഹിസ്.) [58]ചിലർ ഇതിനെ ചിത്രീകരിച്ചതു ആത്മാവു ഒരു *അഗ്നി* പോലെ വന്നു കൊർന്നെല്യോസിന്റേയും സ്നേഹിതരുടേയും പാപങ്ങളെ "ദഹിപ്പിച്ചു" കണ്ടു എന്നാണ്. ചിലപ്പോൾ 15:8, 9 ഇതുമായി ബന്ധപ്പെടുത്തി ഉപയോഗിച്ചിട്ടുണ്ട്, എന്നാൽ വേദഭാഗം പറയുന്നതു അവരുടെ ഹൃദയങ്ങൾ ശുദ്ധമായതു ആത്മാവിനാലല്ല, *വിശ്വാസത്താലായിരുന്നു* എന്നാണ്. [59]ചിലപ്പോൾ യോഹന്നാൻ 14:16, 17 ഈ പ്രസ്താവനയുടെ ബന്ധത്തിൽ ഉപയോഗിച്ചിട്ടുണ്ട്: "ലോകത്തിനു പരിശുദ്ധാത്മാവിനെ ലഭിക്കാൻ കഴിയില്ല, അതുകൊണ്ട് കൊർന്നെല്യോസും ഭവനവും ലോകത്തിന്റെ ഭാഗമല്ല." യോഹന്നാൻ 14-ൽ ഉപയോഗിച്ച "ലോകം" സൂചിപ്പിച്ചിരിക്കുന്നതു അപ്പൊസ്തലന്മാരുടെ ശത്രുക്കളെയാണ്, അവരുടെ ഹൃദയം കഠിനപ്പെട്ടിട്ടുമില്ല. യോഹന്നാൻ 14:17 ലെ *മുഖ്യ*പദപ്രയോഗം "ലോകത്തിനു നിങ്ങളിൽ നിന്നു എടുക്കാൻ കഴിയുകയില്ല" എന്നതാണ്. [60]ഗ്രീക്കു പദപ്രയോഗം തർജ്ജിമ ചെയ്തതു "കാലഗതിയിൽ" എന്നതിന്റെ അർത്ഥം "കാലനിർണ്ണയ പ്രകാരം" എന്നാണ്.

[61]കെജെവി, എൻഐവി, മുതലായവയിൽ, ഒരേ വാക്കാണ്. [62]പത്രൊസ് ജാതികളോടു *പ്രസംഗിക്കണമെന്നായിരുന്നു* ദൈവേഷ്ടമെന്നു യെഹൂദ സാക്ഷികൾ ബോധ്യമാകേണ്ടിയിരുന്നു: [63]കൊർന്നെല്യോസും ഭവനവും പരിശുദ്ധാത്മാവു അവരുടെ മേൽ വരുന്നതിനു മുൻപുതന്നെ വിശ്വസിച്ചിരിക്കാം (11:17), എന്നാൽ 11:4, 15 വാക്യങ്ങളിലെ പത്രൊസിന്റെ വാക്കുകൾ അവർ വിശ്വസിച്ചരുന്നില്ല എന്നു സൂചിപ്പിക്കുന്നു. അതെന്തായാലും, പരിശുദ്ധാത്മാവു വന്ന സമയം *നിർണ്ണായകമായിരുന്നു*. കൊർന്നെല്യോസിന്റെ കാര്യമെടുത്തു രക്ഷക്കു സ്നാനമാവശ്യമില്ലെന്നു പറയുന്നവർക്കു 10:43 ന്റെ മുൻപിന്നു പകരം ശേഷമാണെന്നു സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല. [64]ബ്രൂസ്, 216. [65]പ്രാഥമികമായി, അപ്പൊസ്തലന്മാർക്കു പരിശുദ്ധാത്മ സ്നാനം ലഭിച്ചിരുന്നു; രണ്ടാമതു, അപ്പൊസ്തലന്മാർ മറ്റുള്ളവരുടെ മേൽ കൈവെച്ചിട്ടുണ്ട് (8:18). സ്നാനമേറ്റ എല്ലാവർക്കു "സാധാരണ" പരിശുദ്ധാത്മ ദാനം ലഭിച്ചിട്ടുണ്ട് എന്നു പറയാം (അത്ഭുതകരമല്ലാത്ത) (2:38); ഈ സമയം വരെ, യെഹൂദന്മാർ മാത്രമെ സ്നാനമേറ്റിരുന്നുള്ളു. [66]"അവർ കൽപിച്ചു"; കെജെവി. മിക്ക വ്യാഖ്യാതാക്കളും കരുതുന്നതു ഇതു കൊർന്നെല്യോസിനോടും അവന്റെ ഭവനത്തിലുള ളവരോടും ആയിരുന്നു എന്നാണ് എങ്കിലും, മൂലവേദഭാഗ*ത്തിൽ* ആറു യെഹൂദ ക്രിസ്ത്യാനികളോടും കൊർന്നെല്യോസിനെയും ഭവനത്തിലുള്ളവരേയും സ്നാനം കഴിപ്പിക്കുവാൻ കൽപിക്കുന്നതായിട്ടുണ്ട്. ഒരു നിയമമായി, അപ്പൊസ്തലന്മാർ തന്നെ ആരെയും സ്നാനപ്പെടുത്താതിരുന്നതു, അവരുടെ പേരിൽ പക്ഷം ഉണ്ടാകാതിരിക്കുന്നതിനായിരുന്നു (1 കൊരിന്ത്യർ 1:14, 15). [67]"പ്രവൃത്തി, 1-ാം ലക്കത്തിലെ" 2:41, 47 കുറിപ്പുകളും; തുടർന്നു വരുന്ന 20:28 ലക്കത്തിലെ കുറിപ്പും നോക്കുക. [68]ചിലർ പറയുന്നതു ദൈവം പ്രവൃത്തി 10 നു ശേഷം മനുഷ്യരക്ഷക്കു ദൈവം "പുതിയ നിയമങ്ങൾ" രൂപപ്പെടുത്തിയെന്നാണ് -

2:38 ഇന്നു ബാധകമല്ല കാരണം "അതു ക്രിസ്ത്യാനിത്വത്തിന്റെ ആരംഭദിനങ്ങളിൽ യെഹൂദന്മാർക്കുവേണ്ടിയുള്ളതായിരുന്നു" ആ ചിന്ത 10:34, 35 ഉം 15:9 ഉം അവഗണിക്കുകയാണ്. ക്രിസ്ത്യാനിത്വത്തിന്റെ ആരംഭത്തിൽ എല്ലാവരും രക്ഷിക്കപ്പെട്ടത് ഒരേരീതിയിലാണ്! [69]അവരെല്ലാം സ്നാനപ്പെട്ടു എങ്കിൽ, ആ വിവരണത്തിലെ ആത്ഭുതം അവരുടെ *മനോഭാവം* തന്നെയായിരുന്നു (10:33)! [70]വെസ്റ്റേൺ ടെക്സ്റ്റ് സൂചിപ്പിക്കുന്നതു പത്രൊസ് നല്ലൊരു സമയം കൈസര്യയിൽ പാർത്തു എന്നാണ്.

[71]ജാതികളെ സ്വീകരിക്കുന്നതിനെക്കുറിച്ചുള്ള സഭയിലെ ചോദ്യങ്ങൾക്കും ഉള്ള ഉത്തരം എന്നേക്കുമായി പ്രവൃത്തി 10 ലെ സംഭവത്തിൽ ഉണ്ടായിരുന്നു എന്നു പറയാൻ സഭയിലെ കഴിഞ്ഞിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു, എന്നാൽ അതായിരുന്നില്ല സ്ഥിതി, എങ്കിലും, പെട്ടെന്നു പുരുഷന്മാർ എല്ലായിടത്തും ജാതികളോടു സുവിശേഷം പ്രസംഗിക്കാൻ തുടങ്ങി, എന്നതു വലിയ നടപടിയായിരുന്നു (11:20). [72]"പ്രവൃത്തി, 1" ലെ പരിവർത്തന ചിത്രത്തിന്റെ ഒരുദ്ദേശം ആവശ്യതകതകൾ കാണിക്കുക എന്നതായിരുന്നു. പിന്നീട് പരിവർത്തന വിവരണങ്ങൾ നൽകുമ്പോൾ തുടർന്നു നടന്ന പരിവർത്തനങ്ങളിലേല്ലാം മൂലകങ്ങൾ സ്ഥിരമായിരുന്നു എന്നു കാണാം. [73]മുൻപു കണ്ടതുപോലെ, ഹൃദയത്തിലെ വിശ്വാസം ചുണ്ടുകളിലൂടെ പ്രകടിപ്പിച്ചിരുന്നു (റോമർ 10:9, 10).